ബഥനികാര്യങ്ങൾ.

ബഥനി ആശ്രമസ്ഥന്മാരെ പ്രതിനിധീകരിച്ച്

ടി ആശ്രമാദ്ധ്യക്ഷനും, സ്ഥാപകന്മാരിൽ ഒരുത്തനായ

റവ: ഫാദർ അലക്സിയോസ് ഒ. ഐ. സി.

എഴുതിയതു്.

പ്രസാധകന്മാർ:

മലങ്കര സുറിയാനിസഭാ സംരക്ഷക സംഘം

തിരുവല്ല.

PRINTED AT

The National Printing House,

TIRUVALLA.

1930.

ബഥനിക്കാര്യങ്ങൾ.

KOTTAYAM

ബഥനി ആശ്രമസ്ഥന്മാരെ പ്രതിനിധീകരിച്ചു
ഫാദർ അലക്സിയോസ് ഒ. ഐ. സി. എഴുതിയതു്:—

മലങ്കര സുറിയാനിസഭയിൽ അടുത്തകാലത്തുണ്ടായിട്ടുള്ള മർമ്മഭേദകവും ദുഃഖസമ്പൂർണ്ണവുമായ ചില സംഭവങ്ങളെക്കുറിച്ചു നിരൂപണംചെയ്യുന്നതിനുള്ള നിർഭാഗ്യകരമായ കൃത്യം നിർവ്വഹിക്കുവാൻ ഞങ്ങൾ പ്രേരിതരായി തീർന്നതിൽ നിർവ്യാജം ദുഃഖിക്കുന്നു. ഏതൊരു സംഗതിയുടേയും യാഥാർത്ഥ്യം ഗ്രഹിക്കുന്നതിനു അതിന്റെ വിവിധ വശങ്ങളെക്കുറിച്ചു വിചിന്തനംചെയ്യേണ്ടതു ആവശ്യമാണല്ലോ. ഇങ്ങനെ ഒരു നിരൂപണം ചെയ്യുന്നതിൽ ഞങ്ങൾക്കു വ്യക്തിപരമായ പുരുഷദ്വേഷമോ സ്നേഹക്കുറവോ ഇല്ലെന്നുള്ള പരമാർത്ഥം ആദ്യമേ പ്രസ്താവിച്ചുകൊള്ളുന്നു.

ഞങ്ങളുടെ സ്നേഹബഹുമാനങ്ങൾക്കു പാത്രീഭൂതനായിരിക്കുന്ന മാർ ഈവാനിയോസ് മെത്രാപ്പോലീത്താ തിരുമേനിയോടു ഞങ്ങൾ എന്നും കടപ്പെട്ടവരാണു്. അദ്ദേഹത്തിനു ഞങ്ങളോടുള്ള പുത്രനിർവ്വിശേഷമായ സ്നേഹത്തിനും സൌഹാർദ്ദബന്ധത്തിനും ഇതുവരെയും യാതൊരു ന്യൂനതയും വന്നിട്ടില്ലെന്നാണ് ഞങ്ങളുടെ വിശ്വാസം. സംഗതിവശാൽ "റോമാപ്രസ്ഥാനം" സംബന്ധിച്ചുള്ള

അദ്ദേഹത്തിന്റെയും ഞങ്ങളുടെയും മനോഭാവ്യം വ്യ ത്യസ്തമായി വന്നിരിക്കുന്നതിനാൽ മലങ്കര സുറിയാനിസ ഭാംഗങ്ങളോടു ഞങ്ങൾക്കുള്ള ചുമതല നിർവഹിക്കുവാൻ തക്കവണ്ണം ബഥന്യാശ്രമത്തിന്റെ സ്ഥാപനോദ്ദേശം, പുതിയ റീത്തുപ്രസ്ഥാനം, ആദിയായവയെക്കുറിച്ചു ഞങ്ങ ളുടെ അറിവിൽപെട്ട സംഗതികളെ പ്രസ്താവിക്കേണ്ടതു യമ്മമായി തീന്നിരിക്കുന്നു. അതുകൊണ്ടു മാർ ഈവാനി യോസ് മെത്രാപ്പോലീത്താ തിരുമേനിക്കാവട്ടെ ഈ ലേ ഖനം വായിപ്പാൻ ഇടവരുന്ന മററു ആക്കെങ്കിലുമാവട്ടെ യാതൊരുതരത്തിലുമുള്ള തെററിദ്ധാരണ ഉണ്ടാകുവാനിട യാകരുതെന്നു സവിനയം അപേക്ഷിച്ചുകൊള്ളുന്നു.

അടുത്തകാലത്തു ആംഗ്ലിയാസഭയിൽ ചേന്ന ഫാദർ വെർണന്റെ ഒരു പുസ്തകത്തിനു മറുപടിഎഴുതിയതു അ ദ്ദേഹത്തിന്റെ അടുത്ത സ്നേഹിതന്മാരും കൂട്ടുവേലക്കാരു മായ രണ്ടുമൂന്നു ആളുകളാണ്. ഇങ്ങിനെ ചെയ്യാൻ അവ ർ പ്രേരിതരായി തീന്നതു വ്യക്തിപരമായ സ്നേഹക്കുറവൊ ദ്വേഷമൊ നിമിത്തമല്ല. എന്നാലോ തങ്ങളുടെ മാതൃസ ഭയോടുള്ള ചുമതലബോധം ഒന്നുകൊണ്ടു മാത്രമാണ്.

൧. ബഥന്യാശ്രമത്തിന്റെ സ്ഥാപനോദ്ദേശം.

ബഥന്യാശ്രമം അഥവാ മിശിഹാനുകരണസമൂഹം എന്ന പേരിനാൽ അറിയപ്പെട്ടുപോരുന്ന സന്യാസസമൂ ഹം ൧൯൦൮ മേടമാസത്തിൽ മലങ്കര സുറിയാനിസഭയി ലെ മേലദ്ധ്യക്ഷന്മാരുടെ അനുമതിയോടുകൂടി റാന്നി പക

തിയിൽ പെരുനാട്ടിൽ സ്ഥാപിക്കപ്പെട്ടു. ഏതൊരു സഭയുടെയും ശക്തിയായ ആത്മീകജീവൻ അതിലുള്ള സന്യാസ സമൂഹങ്ങളുടെയും മിഷ്യനറിസ്ഥാപനകളുടെയും പ്രവൎത്തനത്തെ ആശ്രയിച്ചിരിക്കുന്നു എന്നു നിസ്സംശയം പറയാം. ഏകദേശം ൧൯ നൂററാണ്ടുകളായി കേരളത്തിൽ നിലനിന്നു പോരുന്നതും വി: മൎത്തോമ്മാശ്ലീഹായാൽ സ്ഥാപിതവും ആയ മലങ്കര സുറിയാനിസഭയെ സജീവമാക്കിത്തീൎക്കുന്നതിനും ഉദ്ധരിക്കുന്നതിനുമുള്ള എത്രയും ഉത്തമമായമാൎഗ്ഗം ഏതാണെന്നുള്ളതു് ദീൎഘകാലം ചിന്തിക്കുകയും പ്രാൎത്ഥിക്കുകയും ചെയ്തതിൻെറ ഫലമായിട്ടാണ് ബഥനി ആശ്രമം സ്ഥാപിക്കാൻ ഇടയായതു്. ഞങ്ങളിൽ ചിലർ വൈദികവിദ്യാൎത്ഥികളായി ബാരിസാൾ, സെറാംപൂർ മുതലായ സ്ഥലങ്ങളിൽ താമസിച്ചിരുന്ന കാലത്താണ് ഈ ആലോചന പ്രബലപ്പെട്ടതു്. ആരംഭംമുതൽ ഇതുവരെ ഞങ്ങൾ അന്യോന്യം സഹകരിച്ചു പോന്നു. കേരളത്തിലും അതിനു വെളിയിലും വിശിഷ്യാ പാശ്ചാത്യ മിഷ്യനറിമാൎക്കു പ്രവേശം ഇല്ലാതെയിരുന്ന ഇൻഡ്യയിലെ ചില നാട്ടുരാജ്യങ്ങളിലും സന്യാസം അവലംബിച്ചുകൊണ്ടു അക്ഷരത്തിലും ആത്മാവിലും യേശുതമ്പുരാനെ പിൻതുടരുന്ന സുവിശേഷവേലക്കാരെ അയക്കത്തക്കവണ്ണം പരിശീലിപ്പിക്കുന്നതിനുള്ള ഒരു സ്ഥാപനമായിട്ടാണ് ബഥനി അക്കാലത്താരംഭിച്ചതു്. ഈ സംഗതി മലങ്കര ഇടവകയുടെ മാർ ദീവന്ന്യാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ഞങ്ങൾക്കു തന്നിട്ടുള്ള അനുമതി കല്പനയിൽനിന്നു വ്യക്തമാകുന്നതാണ്. ഈ കല്പനയിൽ പ്രതിപാദിക്കുന്ന ഭാഗം താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

"നമ്മുടെ സമുദായം ആകെപ്പാടെ ഉണർന്ന് ഏകമനസ്സോടുള്ള ആത്മപരിത്യാഗബുദ്ധിയോടുകൂടെ സുവിശേഷവേലയ്ക്കായി നമ്മുടെ സഭയെ കർത്താവിൻെറ തൃപ്പാദത്തുങ്കൽ പ്രതിഷ്ഠിക്കേണ്ടിയിരിക്കുന്നു............ അതിനാൽ ദൈവവേലയ്ക്കായി നമ്മുടെ സഭയെ ഉണർത്തണമെന്നും ദൈവമഹത്വത്തിനായി സഭാംഗങ്ങളിൽ ഏവരെയും കരുണയുണ്ടായി കർത്താവുവിനിയോഗിച്ചുകൊള്ളണമെന്നും മുട്ടിപ്പായി പ്രാർത്ഥിക്കണം.........നിങ്ങളുടെ മടിശ്ശീലകളിൽ പൊന്നും വെള്ളിയും ചെമ്പുനാണയങ്ങളും സമ്പാദിക്കരുത്. വഴിക്കു പൊക്കണവുമരുത്. രണ്ടു കുപ്പായങ്ങളുമരുത്. ചെരിപ്പും വടിയും അരുത്. വേലക്കാരൻ തൻെറ അഹോവൃത്തിക്കു യോഗ്യനാകുന്നു എന്നുള്ള തിരുവചനം അനുസരിച്ച് അക്ഷരത്തിലും ആത്മാവിലും ദാരിദ്ര്യാവസ്ഥയെ സ്നേഹിക്കുന്നവരായ സുവിശേഷവേലക്കാർ നമ്മുടെ സഭയിൽനിന്ന് അനവധിയായി എഴുന്നേററു ഈ രാജ്യത്തും അന്യരാജ്യങ്ങളിലും ദൈവവേല ചെയ്യാൻ സംഗതിയാകുന്ന കാലത്തു നമ്മുടെ സഭ നിശ്ചയമായി അനുഗ്രഹിക്കപ്പെടുന്നതും സഭയുടെ സ്ഥാപനോദ്ദേശം നിറവേറുന്നതുമാണ്. അങ്ങിനെയുള്ള വേലക്കാർ ഉണ്ടാകുന്നതിനും അവരെ പരിശീലിപ്പിച്ചു ദൈവവേലയ്ക്കായി വിശ്രുതോത്തമനൽവരത്തോടുകൂടി അയക്കുന്നതിനും നമുക്കു വളരെ ആഗ്രഹമുണ്ട്......സഭയുടെ ശ്രദ്ധ മുഴുവനും സുവിശേഷവേലയിൽ വയ്ക്കുന്നതിനു സഹായിക്കുന്നതായ പല ഏർപ്പാടുകളും താമസിയാതെ ചെയ്യേണ്ടിയിരിക്കുന്നു. ഇതിലേക്കു പ്രാരംഭമായി നമ്മുടെ വാത്സല്യപുത്രൻ ഫാദർ പി. ററി. ഗീവറുഗീസ്സ് എം. ഏ.

നമ്മുടെ ആജ്ഞാനുസരണവും അനുമതിയോടുകൂടെയും പല ശ്രമങ്ങളും തുടങ്ങിയിട്ടുണ്ട്. ശമ്പളമൊ മററു പ്രതിഫലമൊ ആഗ്രഹിക്കാത്തവരായ സന്യാസികളെ സുവിശേഷവേലയ്ക്കായി പരിശീലിപ്പിക്കുന്നതിനുള്ള ഒരു വൈദികസ്ഥാപനം ബഥനിയിൽ ഉടനെ ആരംഭിക്കുന്നതാണ്...........അസാദ്ധ്യമായ ഒരു ആഗ്രഹമാണ് ഇൻഡ്യയെ കർത്താവിന്റെ തൃപ്പാദത്തുങ്കൽ കൊണ്ടുവരുന്നതിനുള്ള ശ്രമമെന്നു പെന്തിക്കോസ്തിയിലെ വിശുദ്ധാത്മ നൽവരത്തിൽ വിശ്വസിക്കുന്നവരായ നമുക്കു മനോരാജ്യത്തിൽ സങ്കല്പിക്കാൻപോലും അവകാശമില്ല. ദൈവവേലയ്ക്കു പരിപൂർണ്ണമായി ദൈവത്തിന്റെ കയ്യിൽ നമ്മെ ഏല്പിച്ചുകൊടുക്കാൻ ഒരുക്കമുള്ള പക്ഷം അൽഭുതകരമായിരിക്കുന്ന വേലകൾ ബലഹീനന്മാരായ നമ്മെക്കൊണ്ടു ദൈവം ചെയ്യിക്കുന്നതാണ്. ഇപ്രകാരമുള്ള ഒരു ഉണർച്ചയും പ്രതിഷ്ഠയും നമ്മുടെ സമുദായത്തിനുണ്ടാകുന്നതിനുവേണ്ടിയുള്ള പരിശ്രമമായി ബഥനിയെ സ്ഥാപിച്ചിരിക്കുന്നു. ബഥനിയും അതിനോടു ചേർന്നുണ്ടാകുന്ന സ്ഥാപനങ്ങളും വഴിയായി വേല ചെയ്തിട്ടു ഭക്തിമാർഗ്ഗത്തിൽ നമ്മുടെ സഭയെ അഭിവൃദ്ധിപ്പെടുത്തണമെന്നുള്ള ആഗ്രഹത്തോടുകൂടിയും സന്യാസനിഷ്ഠകളിലും സുവിശേഷവേലകളിലും ആയുസ്സിനെ വിനിയോഗിക്കുന്നതിനാഗ്രഹിച്ചുകൊണ്ടും ദൈവാശ്രയത്തോടും അപ്പസ്തോലികമായ അനുഗ്രഹത്തോടുംകൂടി ബഥന്യാശ്രമസ്ഥന്മാർ പുറപ്പെട്ടിരിക്കുന്നു. ഈ ശ്രമത്തെ നമ്മുടെ സഭാംഗങ്ങൾ എത്രയും ഹൃദയപൂർവ്വമായി അനുകൂലിക്കയും സഹായിക്കയും ചെയ്യേണ്ടിയിരിക്കുന്നു...............”

ഈ കല്പന ൧൧൦൮ ഇടവം ൧൫-ാംനു- കൈപ്പട്ടൂർ പള്ളിയിൽനിന്നും എഴുതിതന്നിട്ടുള്ളതാകുന്നു.

ഈ ഉദ്ദേശനിവൃത്തിക്കായി ബഥനി മെത്രാപ്പോലീത്താ തിരുമേനി (അന്നത്തെ ഫാദർ പി. റ്റി. ഗീവറുഗീസ്) സുറിയാനി സഭാംഗങ്ങളുടെ ഇടയിൽ പ്രണപ്പിരിവിനായി സഞ്ചരിക്കയും ഇപ്പോഴത്തെ മാർ തെയോഫിലോസ് എപ്പിസ്കോപ്പാ തിരുമനസ്സുകൊണ്ടും ഫാദർ അലക്സിയോസും കൂടെ ആശ്രമത്തിൽതാമസിച്ചു ഞങ്ങളുടെയും മററാശ്രമസ്ഥന്മാരുടെയും പരിശീലനം നടത്തിപ്പോരികയും ചെയ്തു. വിദേശത്തു മിഷ്യൻവേല ചെയ്യാൻ സൗകര്യപ്പെടുന്നപക്ഷം പഞ്ചാബിലോ കാശ്മീരിലൊ ൨൦൦൦ ഏക്കർ സ്ഥലം പതിപ്പിച്ചു വാങ്ങണമെന്നും സന്ന്യാസികളേയും സന്ന്യാസിനിമാരെയും അവിടുത്തെ ഭാഷ പഠിപ്പിക്കുന്നതിനായി ഒരു ട്യൂട്ടറെ വരുത്തണമെന്നും ആലോചിക്കുകയും ചെയ്തു. പക്ഷെ ഈ ആലോചന ഫലപ്പെട്ടില്ല.

ഇങ്ങിനെ മൂന്നുനാലുവർഷം കഴിഞ്ഞപ്പോൾ വെണ്ണിക്കുളത്തു ഇപ്പോഴത്തെ ബഥനിപ്പള്ളി സ്വന്തമായി ഏറെറടുക്കുകയും ഇതിനെ തുടർന്നു പുറമററം പള്ളി സ്വീകരിക്കയും ചെയ്തു. ആശ്രമസ്ഥന്മാരുടെ പരിശീലനം പൂത്തിയാകാതെ ഇപ്രകാരം പള്ളികൾ സ്വീകരിക്കുന്നതു ശരിയല്ലെന്നും നമ്മുടെ ആദർശത്തിലും സ്ഥാപനോദ്ദേശ്യത്തിലും നിന്നു് ഒരു വ്യതിയാനമാണു് ഇതെന്നും അതുകൊണ്ടു പള്ളികൾ സ്വീകരിച്ചു പുതിയ ഇടവകകൾ രൂപീകരിക്കുന്നതിനുള്ള ശ്രമം ത്യജിക്കണമെന്നും ഈ പദ്ധതി തുടരുന്നതായാൽ ആശ്രമസ്ഥന്മാരുടെ പരിശീലന

ത്തിനു ഇതു പ്രതിബന്ധമായിരിക്കുമെന്നും നിർബന്ധപൂർവ്വം പല പ്രാവശ്യം ഞങ്ങൾ അപേക്ഷിച്ചിട്ടുണ്ട്. അപ്പോൾ ആശ്രമസ്ഥന്മാരുടെ ബാക്കി പഠനവും പരിശീലനവും തിരുമൂലപുരത്തു ഒരു ആശ്രമം സ്ഥാപിച്ചു അവിടെ വച്ചു പൂർത്തിയാക്കാമെന്നു കല്പിക്കയും അവരിൽ ചിലരെ ഈ പുതിയ ആശ്രമത്തിലേക്കു മാററുകയും ചെയ്തു. എങ്കിലും കാര്യമായ യാതൊരു പഠിത്തവും അവിടെവച്ചു നടക്കുവാൻ ഇടയായില്ല. ഇങ്ങിനെ ഇരിക്കുമ്പോഴാണു തിരുമേനിയെ എപ്പിസ്ക്കോപ്പായായി അഭിഷേകം ചെയ്യുവാനുള്ള ആലോചനയുണ്ടായതു്. ആശ്രമത്തിൻെറ സ്ഥാപനാവസരത്തിൽ ഇടവക ഭരണവും മേല്പട്ടസ്ഥാനവും ആശ്രമസ്ഥന്മാർ അംഗീകരിച്ചുകൂടായെന്നു തിരുമേനി ഉൾപ്പെടെയുള്ള ഞങ്ങൾക്കെല്ലാവർക്കും നിഷ്കർഷ ഉണ്ടായിരുന്നു. കൂടാതെ മേല്പട്ടസ്ഥാനത്തേക്കു ആശ്രമസ്ഥന്മാരിൽ ആരെങ്കിലും ക്ഷണിക്കപ്പെടുന്നപക്ഷം ആ ക്ഷണം സ്വീകരിച്ചുകൂടെന്നു് ഒരു നിയമം തന്നെ ഉണ്ടാക്കിയാൽ നന്നായിരിക്കുമെന്നു ഞങ്ങൾ അക്കാലത്തു തിരുമനസ്സറിയിച്ചിട്ടുമുണ്ടു്. ഇങ്ങിനെ ഇരിക്കെ തിരുമേനി റമ്പാനായി തീർന്നു. കാലതാമസം കൂടാതെ എപ്പിസ്ക്കോപ്പായായി വാഴിക്കുന്നതിനുള്ള ആലോചനയുമുണ്ടായി. ഈ അവസരത്തിൽ ബ്രദേഴ്സും സിസ്റ്റേഴ്സിലുമുള്ള പലർ തങ്ങൾക്കുള്ള പ്രാതികൂല്യം തിരുമനസ്സറിയിച്ചു. അപ്പോൾ ആശ്രമത്തിലെ സന്യാസിമാർക്കു പട്ടം കൊടുക്കുക ആദിയായ കാര്യങ്ങൾ നടത്തി അതിൻെറ ഭാവിയെ ശ്രേയസ്കരമാക്കിത്തീർക്കുന്നതിൽ സ്ഥാനസ്വീകരണം സഹായമായിത്തീരുമെന്നു കല്പിക്കയും അങ്ങനെ തീരുമാനിക്കയും ചെയ്തു.

ഈ അവസരത്തിലും പുതിയ പള്ളികൾ സ്ഥാപിക്കയും ഇടവക ചേർത്തു ഒരു മദ്രാസനഇടവക രൂപീകരിക്കയും ചെയ്യുമെന്നുള്ള പ്രതീക്ഷ ഉണ്ടായിരുന്നില്ല. അധഃകൃതരെ മതത്തിൽ ചേർത്തു സുറിയാനിക്കാരുടെ പള്ളികളിൽ ക്രട്ടി നടത്തുന്നതിനു തടസ്സമൊ, വിഷമമൊ നേരിടുന്ന അവസരങ്ങളിൽ മാത്രം അവർക്കുവേണ്ടി പുതിയ പള്ളികൾ സ്ഥാപിക്കണമെന്നേ ഉദ്ദേശമുണ്ടായിരുന്നൊള്ളു. എങ്കിലും ഇതിൽനിന്നു കുറേശ്ശെ വ്യതിചലിച്ചു തുടങ്ങുകയും പുതിയ പുതിയ പള്ളികൾ സ്ഥാപിച്ചു ഇടവക ചേർക്കുന്നതിനുള്ള ശ്രമം ആരംഭിക്കയും ചെയ്തു. ഈ കാര്യത്തിൽ ഞങ്ങൾക്കുണ്ടായിരുന്ന പ്രാതികൂല്യത്തെ തിരുമനസ്സറിയിക്കുകയും ഈ ആദർശവ്യതിചലനത്തേയും പുതിയ പള്ളി സ്ഥാപനത്തെയും കുറിച്ചു ഞങ്ങൾ ദുഃഖിക്കയും ചെയ്തിട്ടുണ്ട്. ഈ ഘട്ടത്തിലാണു ഫാദർ അലക്സ്യാസു പണപ്പിരിവിനായി മലയാ, ജാവാ മുതലായ വിദേശങ്ങളിൽ സഞ്ചരിപ്പാൻ ഇടയായതു്. നമ്മുടെ ആദർശങ്ങളിൽനിന്നു നാം വ്യതിചലിക്കരുതെന്നും പുതിയ പള്ളികൾ ഇടവകകൾതോറും സ്ഥാപിച്ചു സുറിയാനിക്കാരെ ഇടവകച്ചേർക്കുന്നതു യോഗ്യമല്ലെന്നും ഒരു ഇടവകയിൽ രണ്ടുമെത്രാന്മാർ ഭരിക്കത്തക്കവണ്ണം പഴയ സുറിയാനിപ്പള്ളി, പുതിയ ബഥനിപ്പള്ളി എന്നിങ്ങനെ രണ്ടു തരം പള്ളികൾ ഉണ്ടാകുന്നതു മേല്പട്ടക്കാർ തമ്മിൽ പിണങ്ങുവാൻ കാരണമായിതീരുമെന്നും അതു കിഴക്കും പടിഞ്ഞാറുമുള്ള സഭയിലെ ഇടവക ഭരണകാനോനാകൾക്ക വിപരീതമാണെന്നും അതുകൊണ്ടു ഈ ശ്രമത്തിൽനിന്നു വിരമിക്കണമെന്നും അക്കാലങ്ങളിൽ വിദേശത്തു സഞ്ചരിച്ചുകൊണ്ടിരുന്ന ഫാ

മർ അലക്സ്യോസു നിർബ്ബന്ധമായി തീരുമനസ്സിലേക്കു എഴുതി അയച്ചിട്ടുണ്ടു്. ഇവയൊന്നും ഫലപ്രദമായില്ലെന്നല്ല, ഫാദർഅലക്സ്യോസു മടങ്ങി എത്തിയപ്പോഴേക്കു തെക്കൻ ഇടവകകളിൽ പലയിടത്തും സ്ഥലം എഴുതിക്കയും പള്ളികൾ വയ്പിക്കയും അവയ്ക്കു പുതിയ ഭരണഘടനയുണ്ടാക്കുകയും തിരുവല്ലാ ഒരു ഭദ്രാസന ഇടവകയായി രൂപീകരിക്കയും ചെയ്തു കഴിഞ്ഞു. ഞങ്ങളുടെ കൂടൽത്തിലുള്ള ഈ വ്യതിചലനംകൊണ്ടു ജാതികളുടെഇടയിൽ നേരിട്ടുള്ള വേല സംബന്ധിച്ചു കഴിഞ്ഞ പതിനൊന്നുവർഷക്കാലം ഞങ്ങൾക്കു കാര്യമായി യാതൊന്നുംതന്നെ ചെയ്യുന്നതിനു കഴിഞ്ഞിട്ടില്ല. എങ്കിലും തിരുമൂലപുരത്തുള്ള കുറെ പുലയരെയും തുമ്പമൺ ഉള്ള കുറെ ഈഴവരെയും മതത്തിൽ ചേർക്കുവാൻ ചെയ്തിട്ടുള്ള ശ്രമം ഇവിടെ വിസ്തരിക്കുന്നില്ല. വെണ്ണിക്കുളത്തുണ്ടായിരുന്ന പുതു ക്രിസ്ത്യാനികളെ സംബന്ധിച്ചുള്ള ചുമതലയും ഏറെക്കുറെ നിവ്വഹിച്ചിട്ടുണ്ട്.

ബഥനിയും റോമ്മാപ്രസ്ഥാനവും.

ഏകദേശം പത്തുവഷം മുൻപു (തിരുമൂലപുരം ബാലികാമഠത്തിൻെറ ആരംഭകാലത്തു) റോമ്മാപ്രസ്ഥാനത്തെക്കുറിച്ചു മാർ ഈവാനിയോസു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു (അന്നു ഫാദർ പി. റ്റി. ഗീവർഗ്ഗീസു) തിരുമൂലപുരം ബാലികാമഠം അദ്ധ്യാപകന്മാരായിരുന്ന മെസ്സേഴ്സ്. എൻ. ഐ. പോത്തൻ, പി. കെ. വർക്കി മുതലായവരോടും ഫാദർ അലക്സ്യോസിനോടും ചില

തെല്ലാം സൂചനയായി സംസാരിച്ചിട്ടുണ്ട്. അപ്പോഴെല്ലാം ഇവർ കിഴക്കൻസഭകളുടെയും ഫൈല്ലൂച്ച്കാരുടെയും കാതോലിക വിശ്വാസപരിപാലനത്തെക്കുറിച്ചും മിഷ്യൻ വേലകളെക്കുറിച്ചും സംസാരിക്കുകയും മലങ്കരസഭയുടെ പുനരുദ്ധാരണത്തിൽ അവരെ അനുകരിച്ചുള്ള പ്രവർത്തനപദ്ധതി സ്വീകരിക്കയാണു വേണ്ടതെന്നും റോമ്മാസഭയിൽ ലയിക്കുന്നതു ആശാസ്യമല്ലെന്നും പറയുക പതിവായിരുന്നു. വളരെനാളുകൾ മുമ്പു തിരുമനസ്സിലെ മനസ്സിൽ സ്ഥലംപിടിച്ചിരുന്ന റോമ്മാപ്രസ്ഥാനം ശക്തിപ്പെട്ടിരിക്കുന്നതായും ഫാദർ അലക്സ്യോസിനു ജാവായിൽവച്ചു അറിവുകിട്ടി. അപ്പോൾ അതേപ്പററി സങ്കടമായി ചില എഴുത്തുകൾ തിരുമനസ്സിലേക്കു് അയച്ചിട്ടുണ്ട്. ഫാദർ അലക്സ്യോസു മലയായിൽ നിന്നു തിരികെ വന്ന അവസരത്തിൽ ഈ അഭിപ്രായം വളരെ പ്രബലപ്പെട്ടിരുന്നതായി ആണു് കാണുന്നതിനിടയായതു്. അതുകൊണ്ടു താഴെ കാണുന്ന രണ്ടുമൂന്നു വ്യവസ്ഥകൾ താഴ്മയായി അദ്ദേഹം ആവശ്യപ്പെട്ടു.

൧. റോമ്മാപ്രസ്ഥാനം സംബന്ധിച്ചു ധൃതിയായി നാം പ്രവർത്തിക്കരുതെന്നും ഇതരസഭകളുടെ പുനരൈക്യശ്രമത്തിനുള്ള പദ്ധതികൾ അനുകരിച്ചു ഈ പ്രസ്ഥാനത്തിന്റെ ഗുണദോഷങ്ങളെപ്പററി ധാരാളമായി നാം ചിന്തിക്കയും വായിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണമെന്നും അറിയിച്ചു. ആശ്രമത്തിലും മഠത്തിലുമുള്ള എല്ലാവരും ഈ പ്രസ്ഥാനത്തിന്റെ ഇരുവശങ്ങളെയും കുറിച്ചു പ്രതിപാദിക്കുന്ന പുസ്തകങ്ങൾ വായിച്ചറിയുവാൻ

സൗകൎയ്യമുണ്ടാക്കണമെന്നും അതിനു ശേഷം ഒരുമിച്ചുകൂടി
ഇവയെപ്പററി പ്രതിപാദിക്കുകയും അഭിപ്രായരൂപീകര
ണം വരുത്തുകയും ചെയ്യണമെന്നും അപേക്ഷിച്ചു. ഇങ്ങ
നെ ആശ്രമസ്ഥന്മാരിൽതന്നെ ഏതാണ്ടൊരു ഏകാഭി
പ്രായം രൂപീകരിച്ചശേഷം മെത്രാപ്പോലീത്തന്മാരുടെ സു
നഹദോസിനെ വിവരം അറിയിക്കണമെന്നും മേല്പട്ടക്കാ
രുടെ സുനഹദോസിൻെറ തീരുമാനപ്രകാരം തീർച്ചപ്പെടു
ത്തണമെന്നും ഇതുസംബന്ധിച്ചുള്ള കൂടുതൽ അറിവുകൾ
വിതരണം ചെയ്യണമെന്നും ഇതിൽ താല്പൎയ്യമുള്ളവരുടെ
ഒരു സംഘംകൂടി ഇരുവശങ്ങളെയും പ്രതിപാദിക്കുന്ന ഒരു
മാസിക വഴിയായൊ മററൊ പ്രചരണവേലനടത്തി സ
ഭാംഗങ്ങളെഏവരെയും ഉൽബോധിപ്പിക്കണമെന്നും അ
പേക്ഷിച്ചു. കഴിഞ്ഞ അറുപത്തിഅഞ്ചുവൎഷമായി ആം
ഗ്ലിയസഭയിലെ ആംഗ്ലോകാതലിക്സ് എന്ന വിഭാഗക്കാർ
ഗ്രീക്കുസഭയുമായിപുനരൈക്യത്തിനു ആഗ്രഹിച്ചുകൊണ്ടി
രിക്കുന്നതു്. ഇപ്പോഴും ഈ ശ്രമത്തിനുപൂൎണ്ണഫലപ്രാപ്തി
ഉണ്ടായിട്ടില്ലെങ്കിലും മേൽ ഉദ്ധരിച്ച പദ്ധതിതന്നെ അനു
കരിച്ചുകൊണ്ടിരിക്കുന്നു. ലൂസാൻകോൺഫ്രൻസ്, ജെറൂസ
ലംകോൺഫ്രൻസ് മുതലായവയെല്ലാം റോമൻകത്തോ
ലിക്കാസഭ ഒഴിച്ചുള്ള സൎവ്വസഭകളുടെയും വളരെനാളത്തെ
പുനരൈക്യശ്രമത്തിൻെറ ഫലമായിട്ടുണ്ടായിട്ടുള്ളവയാ
ണ്. തെക്കേ ഇൻഡ്യയിലെ പല പ്രോട്ടസ്റ്റൻറുസഭകൾ
തമ്മിലുള്ള പുനരൈക്യശ്രമം തുടങ്ങിയിട്ടു പത്തുപതിന
ഞ്ചുവൎഷങ്ങളോളമായിട്ടുണ്ടെന്നു തോന്നുന്നു. കഴിഞ്ഞ ലാം
ബത്തുകോൺഫ്രൻസിലെ ഗൗരവതരമായ ആലോച
നാവിഷയങ്ങളിൽ ഒന്നു് ഇതായിരുന്നു. ഇപ്പോഴും അതി

ന്റെ അവസാനതീരുമാനം ഉണ്ടായിട്ടില്ല. മലങ്കരസുറിയ
നിസഭയ്ക്കു ഏതെങ്കിലും ഇതരപുരാതനസഭയോടു ഐ
ക്യമുണ്ടാകുന്നതിനായി പിൻതുടരേണ്ടപദ്ധതി സർവ്വസ
കലും സ്വീകരിച്ചു പ്രവർത്തിച്ചപോരുന്ന ഈ പ്രവർത്തന
പദ്ധതിതന്നെയാണെന്നും സഭാംഗങ്ങളായ നമുക്കു നമ്മു
ടെ മാതൃസഭയോടു ഗൗരവമായ ഒരു ചുമതലയുണ്ടെന്നു
അതു ചെയ്തുതീർക്കാതെ ധൃതിയായിട്ടേതെങ്കിലും നടപടി
നടത്തുന്നപക്ഷം സഭയുടെഭാവിക്കു കാതലായദൂഷ്യം ചെ
യ്യുമെന്നും നമ്മളെകൊണ്ടുണ്ടാകാവുന്നതും ദൈവംഉദ്ദേശി
ച്ചിരിക്കുന്നതുമായ പ്രയോജനം ഇല്ലാതെയാകുമെന്നും തു
രുമനസ്സുകൊണ്ടു മലങ്കര സുറിയാനിസഭയിൽ രക്ഷയി
ല്ലാ എന്നു വാദിക്കാത്ത സ്ഥിതിക്കു നമ്മുടെ ഏതാദൃശ
മായ പ്രവൃത്തി, ഗുണത്തെക്കാൾ അധികം ദോഷംചെയ്യു
മെന്നും പലപ്രാവശ്യം തിരുമനസ്സിലെ അടുക്കൽ അറി
യിക്കയുണ്ടായിട്ടുണ്ട്. ഒരു സഭയെ മുഴുവൻ വേറൊരു സ
ഭയോടു ഘടിപ്പിക്കുവാൻ ആഗ്രഹിക്കുന്നേടത്തോളം മേ
ല്പട്ടക്കാരുടെ സുന്നഹദോസിന്റെ തീരുമാനപ്രകാരം
മാത്രമെ നടത്താവുയെന്നും അങ്ങിനെയുള്ള തീരുമാനത്തി
നു കൂടുതൽ ദൈവനടത്തിപ്പുണ്ടെന്നും അങ്ങിനെ വിശ്വ
സിക്കുന്നതിനു പ്രയാസം കാണുമെന്നും പറകയുണ്ടായിട്ടു
ണ്ട്. ഒന്നോ രണ്ടോ മേല്പട്ടക്കാർ ദൈവനടത്തിപ്പ് ഇ
താണെന്നു പറകയും ഭൂരിപക്ഷം മേല്പട്ടക്കാർ ദൈവന
ടത്തിപ്പു മറ്റൊന്നാണെന്നു പ്രബോധിപ്പിക്കയും ചെയ്തു
കൊണ്ടിരുന്നാൽ പരമാർത്ഥികളായ സഭാംഗങ്ങൾ യഥാ
ർത്ഥം ഗ്രഹിപ്പാൻ നിവൃത്തിയില്ലാതെ വലയുന്നതിനിട
യാകുമെന്നും അങ്ങിനെ പ്രവർത്തിക്കുന്നതായാൽ അതു കാ

തോലികസഭകളുടെ പദ്ധതികളിൽനിന്നും ഒരു വ്യതിചലനം ആയിരിക്കുന്നതാണെന്നും അനേകർക്കും സങ്കടകാരണമായി തീരുമെന്നും പല പ്രാവശ്യം ദുഃഖസമേതം തിരുമേനിയെ അറിയിച്ചിട്ടുണ്ട്. ഇക്കാലത്തുതന്നെ ഓക്സ്ഫോർഡ് മിഷ്യൻസമൂഹത്തിലെ ഒരംഗമായ ഫാദർ സ്റ്റ്റോങ്ങ് ഫാദർ അലക്സ്യോസിന്റെ പേർക്ക് എഴുതിയ ഒരു കത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരുന്നു. "യെരുനായ സഭയിൽപെട്ട സ്വാതന്ത്ര്യസഭകളുടെ ഒരു സുന്നഹദോസ് ഇപ്പോൾ നടക്കുന്നതാണ്. കഴിഞ്ഞ മഹായുദ്ധത്തിനുമുൻപ് ഇതു നടത്തുവാൻ ആലോചിച്ചിരുന്നു എങ്കിലും യുദ്ധംമൂലം സാധിക്കാതെപോയതാണ്. ഈ സുന്നഹദോസിന്റെ ഫലം ചിതറിക്കിടക്കുന്ന കിഴക്കൻ സഭകളുടെയെല്ലാം പുനരൈക്യം ആയിരിക്കും. ഇതിലെ തീരുമാനം അറിയാതെ മാർ ഈവാനിയോസ് യാതൊരു നടപടിയും നടത്തരുതെന്നു ഞാൻ മുട്ടിന്മേൽനിന്നു അപേക്ഷിക്കുന്നതായി അദ്ദേഹത്തെ അറിയിക്കണം. സഭ സാക്ഷാൽ കാതോലികമായി തീരുകയും റോമ്മാസഭ ഇതരസഭകളിൽനിന്ന് ആളുകളെ പിടിച്ചെടുക്കുന്ന സമ്പ്രദായം നിർത്തലാക്കുകയും ചെയ്യുമ്പോൾ നാം എല്ലാവരും ആഗ്രഹിക്കയും പ്രാർത്ഥിക്കയും ചെയ്യുന്ന വിസ്തൃതമായ പുനരൈക്യം ഉണ്ടാകും. കിഴക്കൻസഭകളുമായുള്ള പുനരൈക്യമാണ് ആദ്യം ഉണ്ടാകേണ്ടത്. നേരിട്ടു റോമ്മാസഭയിൽ ചേരുന്നതു വിസ്തൃതമായ പുനരൈക്യത്തിനു പ്രതിബന്ധമായി തീരുകയേയുള്ളു. മാർ ഈവാനിയോസ് സെറാംപൂരിൽ ആയിരുന്നപ്പോൾ റഷ്യൻഭാഷ പഠിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നതു കിഴക്കൻസഭകളുടെ മേൽപറഞ്ഞ

സുന്നഹദോസിലെ ഒരു ഊൎജ്ജസ്വലനായ പ്രതിനിധി ആയിരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരുന്നല്ലൊ. സംഗതികളുടെ നാനാവശങ്ങളെക്കുറിച്ചു ദൂരെയിരുന്നു ചിന്തിക്കുന്നതു ഫലപ്രദമായിരിക്കുമെല്ലൊ. അതിനായി ആഗ്രഹിക്കുന്നപക്ഷം അദ്ദേഹം കുറെ ദിവസത്തെ വിശ്രമത്തിനായി ഇങ്ങോട്ടു വരട്ടെ. വേണ്ട സൌകൎയ്യം ഞങ്ങൾ ഉണ്ടാക്കാം." മാർ ഈവാനിയോസു സംഗതികളെക്കുറിച്ചു ദൂരെയിരുന്ന് "വിചിന്തനം ചെയ്യുന്നതു ഉത്തമമായിരിക്കും" എന്നു തിരുമൂലപുരം ബാലികാമഠം പ്രിൻസിപ്പാളായിരുന്ന മിസ്സ് ഹോംസ്സും ഫാദർ അലക്സ്യോസിന്റെ പേക്ക് എഴുതുകയും അവയൊക്കെയും യഥാവസരം അദ്ദേഹം തിരുമേനിയെ അറിയിക്കയും ചെയ്തിട്ടുണ്ട്. ഫാദർ അലക്സ്യോസ് അപേക്ഷിച്ചിരുന്നപ്രകാരവും ഫാദർ സ്റ്റ്റോങ്ങിന്റെയുംമററും എഴുത്തിലെ താല്പൎയ്യപ്രകാരവും പ്രവർത്തിക്കുവാൻ താൻ സന്നദ്ധനാണെന്നു ആദ്യം കല്പിച്ചു എങ്കിലും കുറെ കഴിഞ്ഞപ്പോൾ റോമ്മാസഭയുമായുള്ള ഐക്യതസാധിക്കുന്നതു എന്റെ പദവിയാണെന്നും ഞാൻ മനുഷ്യരെ നോക്കേണ്ട എന്നു ദൈവം എന്നോട് ആവശ്യപ്പെടുന്നുയെന്നും ക്ഷമയുള്ളവർ കിടക്കട്ടെ എന്നും ഇതെന്റെ ആത്മീയ മനോബോദ്ധ്യമാണെന്നും മററും കല്പിക്കയും റോമ്മാപ്രസ്ഥാനം സംബന്ധിച്ച കാൎയ്യങ്ങൾ പൂൎവ്വാധികം ഊൎജ്ജിതമായി നടത്തിക്കൊണ്ടുപോകുവാൻ തീർച്ചപ്പെടുത്തുകയും ചെയ്തു. ഈ പുതിയ പ്രസ്ഥാനം സംബന്ധിച്ചു ഇരുവശവും ചിന്തിക്കണമെന്നും ഏതെങ്കിലും സഭയുമായി പുനരൈക്യം സമ്പാദിക്കുന്നതിനു ശ്രമിക്കേണ്ട പദ്ധതി മേൽ പറയപ്പെട്ടതുപോലെ

യാണെ്യാ എന്നും മററും തീരുമാനിക്കുന്നതിനു നമ്മെക്കാ
ൾ തഴക്കവും പഴക്കവും ഭക്തിയുമുള്ളവരും സുറിയാനിസ
ഭയിലൊ റോമ്മാസഭയിലൊ പെടാത്തവരുമായ സന്യാ
സിപട്ടക്കാരുടെ തീരുമാനത്തിനു വിടുന്നതിനു തിരുമേനി
യെ സമ്മതിപ്പിക്കാമൊയെന്നും തിരുമേനിക്കും ഫാദർ
അലക്സ്യൊസിനും പറയാനുള്ള സംഗതികൾ അവ
രെ കേൾപ്പിച്ചിട്ടു ഫാദർ അലക്സ്യൊസു പറയുന്നതി
ൽ എഴുപത്തഞ്ചു ശതമാനവും ഈ മദ്ധ്യസ്ഥന്മാർ വക
വച്ചുകൊടുത്താൽ പക്ഷം തന്റെ മനോബോദ്ധ്യം തൊററാണെ
ന്ന പരസ്യമായി സമ്മതിച്ചുകൊണ്ടു തിരുമേനിയുടെ പ്ര
ധാനത്തോടു പരിപൂർണ്ണമായി യോജിച്ചുകൊള്ളാമെന്നു
ഞാൻ തുറന്നമനസ്സോടുകൂടിയിരിക്കുന്നു എന്നും. അല്ലെങ്കി
ലും തനിക്കു മനോബോദ്ധ്യം വരുത്തട്ടെയെന്നും ഫാദർ
അലക്സ്യൊസു മഠത്തിലുള്ള സിസ്റ്റേഴ്സിന് ഈ കാല
ത്ത് എഴുതിയിരുന്നു. അദ്ദേഹം ആഗ്രഹിച്ചതുപോലെ തി
രുമേനിയും ആ എഴുത്തുകാണുകയുണ്ടായി. ഇതുകൊണ്ടും
ഫലപ്രാപ്തി ഉണ്ടായില്ല.

൨. തിരുമേനിയോടുഫാദർ അലക്സ്യൊസു ആ
വശ്യപ്പെട്ട രണ്ടാമത്തെ വ്യവസ്ഥ.

റഹമാനിപാത്രിയർക്കീസു നമുക്കു എന്തെല്ലാം ആ
വശ്യങ്ങൾ ചെയ്തുതരാമെന്നു സമ്മതിച്ചിട്ടുണ്ടോ അവ
പ്രകാരം ഏതെങ്കിലും കിഴക്കൻസഭ നമുക്കു ചെയ്തുത
രാൻ തയാർ ഉണ്ടോയെന്നു എഴുത്തുകുത്ത് നടത്തി
ശ്രമിക്കണമെന്നും അങ്ങിനെയെങ്കിൽ സംഖ്യാബ
ലത്തിൽ കുറവുള്ളവരെങ്കിലും ഒരു കിഴക്കൻ സഭാംഗം

എന്നുള്ള നമ്മുടെ അഭിമാനം നഷ്ടപ്പെട്ടുപോകേണ്ടിവരിക യില്ലല്ലൊ എന്നും മററും അറിയിച്ചു." ഞാൻ സെറാംപൂരിൽ താമസിക്കുന്ന കാലത്തു റഷ്യൻഭാഷ പഠിക്കുന്നതിനു ശ്രമിച്ചിട്ടുള്ളതായി താൻ ഓർക്കുന്നില്ലെ? അന്നു ഞാൻ ചില എഴുത്തുകുത്തുകൾ നടത്തിയിട്ടുണ്ട്. ഇനിക്കു മനോബോദ്ധ്യം വന്നാൽ അവ തുടരുവാൻ ഞാൻ തയ്യാറാണു" എന്നും തിരുമേനി മറുപടിയായി കല്പിക്കയും ചെയ്തിട്ടുണ്ട്. വേറെ ഒരവസരത്തിൽ ഇതെപ്പററി താഴെ വരുംപ്രകാരം കല്പിച്ചു. കിഴക്കൻസഭയുടെ ഭരണസമ്പ്രദായം ദേവസ്വം ഡിപ്പാർട്ടുമെൻറുപോലെയാണു. അവിടെ............................തല്ലും അടിപിടിയുമാണ്. നാം ചേന്നാൽ അവർ മാമോദീസാ മുക്കിയെ നമ്മെ എടുക്കുകയുള്ളൂ" എന്നെല്ലാം കല്പിക്കയുണ്ടായി. കഴിഞ്ഞ നാല്പതു വഷക്കാലമായി കിഴക്കൻ സഭകളിൽ വളരെ വ്യത്യാസം വന്നിട്ടുണ്ടെന്നും ഒരുകാലത്തു വാശിയും നിർബന്ധവും നിമിത്തം റോമ്മാസഭയിൽ പെട്ടവരെപ്പോലും മാമോദീസാ മുക്കി മാത്രമെ അവർ സ്വീകരിച്ചിരുന്നുള്ളുവെന്നും എന്നാൽ ഇപ്പോൾ റഷ്യയിലെ വിപ്ലവം മൂലവും മററും സഭകളിൽ ആത്മീയ ഉണർവ്വ് ഉണ്ടായിട്ടുണ്ടെന്നും യൂറോപ്പിനെ മുഴുവൻ പുളിപ്പിക്കത്തക്ക ശക്തിയായി കിഴക്കൻ സഭകൾ തീരുവാൻ ഇടയുണ്ട് എന്നും വി: ത്രീത്വത്തിൻെറ തിരുനാമത്തിൽ നടത്തപ്പെടുന്ന ഏതു മാമോദീസായും അവർ അംഗീകരിക്കുന്നു എന്നും കിഴക്കൻ സഭകളെക്കുറിച്ചു പ്രതിപാദിക്കുന്ന ചില പത്രങ്ങളിലും അടുത്തകാലത്തു വിഖ്യാതന്മാരായ ചില ഗ്രന്ഥകാരന്മാർ പ്രസിദ്ധം ചെയ്ത ചില പ

സ്തകങ്ങളിലും * മാസികകളിലും പ്രസ്താവിച്ചിട്ടുണ്ടെന്നും തിരുമേനി അവയിൽ ചിലതു വായിക്കണമെന്നും ആയതുകൊണ്ടു അവിടത്തേക്കു കിഴക്കൻ സഭകളെപ്പററി ഉണ്ടായിട്ടുള്ള തെററിദ്ധാരണ നീങ്ങുന്നതാണെന്നും തിരുമേനിയോടു അതിന്റെ മറുപടിയായി അറിയിച്ചു.

൩. മൂന്നാമത്തെ വ്യവസ്ഥ.

അടുത്ത കാലത്തു മലങ്കരസഭയിൽ ഉണ്ടായിട്ടുള്ള ബാവാമെത്രാൻ കക്ഷികൾ തമ്മിലുള്ള മത്സരം തീൎത്തു സമാധാനം പുനൎസ്ഥാപിക്കുന്നതിന്റെ തിരുമേനിക്കു ചുമതലയുണ്ടെന്നും അതിന്നായി ബാവാഭാഗത്തുള്ള തിരുമേനികളെയെല്ലാം തിരുമനസ്സുകൊണ്ടു് ആളാംപ്രതി സന്ദൎശിച്ചു സഭയുടെ സ്വാതന്ത്ര്യത്തിന്നു ഭംഗംവരാത്ത നിലയിൽ ഇരുഭാഗക്കാരും തമ്മിൽ സമാധാനം ഉണ്ടാക്കുവാൻ ശ്രമിക്കണമെന്നും ഫാദർ അലക്സ്യോസു അപേക്ഷിക്കുകയുണ്ടായി. "ആകട്ടെ ഞാൻ അങ്ങിനെ ചെയ്യാം. അവൎക്കു ഒരു അന്ത്യശാസനം കൊടുത്തിട്ടു പോരാം" എന്നു മറുപടിയും കല്പിച്ചു. അതിന്നു ഉത്തരമായി അങ്ങിനെ ഒരു അന്ത്യശാസനം കൊടുക്കുവാൻ പോകുന്നതുകൊണ്ടു ഫലമില്ലെന്നും സുസമ്മതന്മാരായ ചില ആളുകളെ അയച്ചു ആദ്യമായി ബാവാ ഭാഗത്തുനിൽക്കുന്ന മാരോ തിരുമേനിമാരെയും കണ്ടു ആലോചന നട

---

*Vide "The Eastern Church by Stefan Zankov (published by the Student Christian Movement, 32, Russel Square, London W. C. I.) &c. &c.

ത്തി വിവരം അറിഞ്ഞിട്ടു തിരുമനസ്സുകൊണ്ടു എഴുന്നെള്ളിയാൽ മതി എന്നു അറിയിക്കയും ചെയ്തു. എന്നാൽ ഇതുസംബന്ധിച്ചു ഒന്നും പ്രവൎത്തിച്ചതായി അറിയുന്നില്ല.

ബഥനിക്കാരും റീത്തും.

മാർഈവാനിയോസ്മെത്രാപ്പോലീത്താതിരുമനസ്സിലെ ശ്രമത്തിൽ അനുവദിച്ചുകിട്ടിയിരിക്കുന്നു എന്നു പ്രസ്താവിക്കപ്പെടുന്ന റീത്തിനെക്കുറിച്ചു ചില കാൎയ്യങ്ങൾ വിശദമാക്കേണ്ടതു ആവശ്യമാണെന്നു തോന്നുന്നു.

൧. ഈ പുതിയ റീത്തു പ്രസ്ഥാനംമൂലം റോമ്മായിൽ ചേരുകയല്ലാ, റോമ്മാക്കാർ ഇങ്ങോട്ടു വരികയാണ്. നാം അങ്ങോട്ടു പോകയല്ലാ. എന്നെല്ലാം പലരും പറഞ്ഞുവരുന്നതായിട്ടു അറിയാം. സഭാചരിത്രദൃഷ്ട്യാ ഇതു പുനരൈക്യമാണൊ? കിഴക്കൻസഭകൾ റോമ്മാസഭയുമായി പിരിയുന്നതിനു ഇടയാക്കിത്തീൎത്തിട്ടുള്ളതും ഇന്നെയോളം ഇവർ തമ്മിലുള്ള പുനരൈക്യത്തിനു പ്രതിബന്ധമായി നില്ക്കുന്നതും ആയ പ്രധാനകാൎയ്യങ്ങളിൽ ഒന്നു മാർപാപ്പായുടെ പരമാധികാരവാദമാണ് * ഒരു കാലത്തു അന്യോന്യം സംസൎഗ്ഗത്തിൽ ഇരുന്നിരുന്നവയും വിശ്വാസഭേദം നിമിത്തമല്ല ഭരണസംബന്ധമായ അധികാരവാദങ്ങൾ നിമിത്തം വേർപെട്ടുപോകുവാൻ ഇടയായിത്തീൎന്നവയുമായ സഭാവിഭാഗങ്ങൾ തമ്മിൽ സഹോദരസഭകൾ എന്ന നിലയിൽ അന്യോന്യം കീഴ്പ്പെടാതെ സംസൎഗ്ഗം പുനസ്ഥാപിച്ചു ഐക്യം സമ്പാദിക്കുന്നതാണു സാധാരണ

* ഇതുതന്നെയാണു പാശ്ചാത്യസഭകൾ തമ്മിൽ തന്നെയും യോജിക്കുന്നതിനു പ്രതിബന്ധമായിരിക്കുന്നതു്.

പുനരൈക്യം എന്നു പറഞ്ഞുവരുന്നതു്. മലങ്കരസുറിയാ
നിസഭ, അൎമ്മീനിയൻ ഈജിപ്തായ സഭകൾ എന്നിവ
യെല്ലാം അന്യോന്യസംസൎഗ്ഗബന്ധമുള്ളവയാണു്. എന്നാ
ൽ ഈ സഭകൾ യാതൊന്നും തന്നെ ഭരണസംബന്ധമാ
യ കാൎയ്യങ്ങളിൽ അതതു സഭകളിലെ മേലദ്ധ്യക്ഷന്മാൎക്ക
ല്ലാതെ മററു മേലദ്ധ്യക്ഷന്മാൎക്കു കീഴ്പ്പെട്ടിരിക്കുന്നില്ല. ഇ
ങ്ങിനെയുള്ള ഒരു സംസൎഗ്ഗബന്ധം മാത്രമാണോ ഇപ്പോൾ
റീത്തുപ്രസ്ഥാനക്കാർ സാധിക്കുവാൻ ശ്രമിക്കുന്നതു്. മാർ
പാപ്പായുടെ പരമാധികാരം സ്വീകരിക്കമാത്രമല്ലാ റോമ്മാ
സഭയുടെ ഉപദേശപ്രകാരം ഈ പരമാധികാരം രക്ഷ
യ്ക്കു ആവശ്യമായ ഒരു വിശ്വാസപ്രമാണം (Dogma)
ആണെന്നുകൂടെ വിശ്വസിക്കയും ഏററുപറകയും ചെയ്യാ
തെ ആരെയെങ്കിലും അവർ സ്വീകരിക്കുമൊ? പരസ്യ
മായിട്ടല്ലെങ്കിൽ രഹസ്യമായിട്ടെങ്കിലും റോമ്മാസഭയിൽ
ചേരുന്നതിനു മുൻപു നടത്തപ്പെടുന്ന വിശ്വാസം ഏ
ററുപറച്ചിൽ കൂടാതെ റോമ്മാസഭയിലെ മേല്പട്ടക്കാരോ,
പട്ടക്കാരോ അങ്ങോട്ടു ചെല്ലുന്നവരെ സ്വീകരിക്കുമൊ എ
ന്നു ഇതിനു മുൻപു റോമ്മാസഭയിൽ ചേൎന്ന പട്ടക്കാരോ
ടൊ അല്മായക്കാരോടൊ ചോദിച്ചാൽ ഗ്രഹിക്കാവുന്ന
തൊണു്. ഒരു സമയം മാർ ഈവാനിയോസുമെത്രാപ്പോലീ
ത്താതിരുമനസ്സിലെ ഈ പ്രസ്ഥാനത്തോടു അനുകൂലിക്കു
ന്ന പട്ടക്കാരോടും അല്മായക്കാരോടും ആളാംപ്രതി ഇ
ങ്ങനെ വിശ്വാസം ഏററുപറയണമെന്നു ആവശ്യപ്പെടാ
തെയിരുന്നുയെന്നു വരാം. അതിനു കാരണം ഈ കൃത്യം
അങ്ങോട്ടുചേരുന്ന മേലദ്ധ്യക്ഷന്മാർ അവരെക്കൊണ്ടു നി
ൎവ്വഹിപ്പിച്ചുകൊള്ളുമെന്നൊ അഥവാ മേല്പട്ടക്കാരുടെ വി

ശ്വാസഏറ്റുപറച്ചിലിൽ അവരോടുകൂടെയുള്ള എല്ലാവ രടെയും വിശ്വാസപ്രസ്താവന അന്തർഭവിച്ചിരിക്കുന്നുവെ ന്നു സങ്കല്പിച്ചിരിക്കുന്നതു കൊണ്ടോ ആയിരിക്കാം. എങ്കി ലും മെത്രാപ്പോലീത്തന്മാർ മാർപാപ്പായുടെ പ്രതിനിധിയു ടെയൊ കല്പനപ്രകാരം അധികാരപ്പെടുത്തുന്ന മററാളി ന്റെയൊ അടുക്കൽ മുട്ടിന്മേൽനിന്നു നിശ്ചയമായും വി ശ്വാസംഏറ്റുപറച്ചിൽ നടത്തിയേമതിയാവൂ. റീത്തുകാ ർ പറയുന്നപ്രകാരം റോമ്മാസഭ ഇങ്ങോട്ടുവരികയാണെ ങ്കിൽ അഥവാ റോമ്മാസഭയിൽ ചേരുകയല്ലെങ്കിൽ ഈ വിശ്വാസഏറ്റുപറച്ചിലിന്റെ ആവശ്യമെന്തു്? കാതോ ലിക്കായിക്കും സ്ലീഹായിക്കുമടുത്ത ഏകസഭ റോമ്മാസഭ മാത്രമാണെന്നും അവിടെ മാത്രമെ രക്ഷയുള്ളൂ എന്നു വി ശ്വസിക്കാതെയും ഏറ്റുപറയാതെയും അതിൽ ചേരു വാൻ ആർക്കെങ്കിലും കഴിയുമൊ? ഇവിടെ നിന്നാലും രക്ഷ യ്ക്കു തടസ്സമില്ല. അതുകൊണ്ടല്ലോ റോമ്മാസഭയിൽ ചേരു ന്നതെന്നു റീത്തുപ്രസ്ഥാനക്കാർ എത്രതന്നെ ഘോഷിച്ചാ ലും റോമ്മാസഭ ഇതു വകവച്ചുകൊടുക്കുമൊ? മാർപാപ്പാ യുടെ പരമാധികാരം, തെററില്ലാവരം ഇവയെല്ലാം രക്ഷ യ്ക്കാവശ്യമായവിശ്വാസപ്രമാണമാണെന്നു സ്വീകരിച്ചു കൊണ്ടു മാർ പാപ്പായിക്കു കീഴ്പ്പെടുകയും റോമ്മാസഭ യിൽ അംഗമായി ചേരുകയും ചെയ്യുന്നതു എങ്ങിനെയാ ണു പുനരൈക്യമായിത്തീരുന്നതെന്നു മനസ്സിലാക്കുവാൻ നിവ്വാഹമില്ല. ആയതുകൊണ്ടു റീത്തു പ്രസ്ഥാനംമൂ ലം റോമ്മാസഭയുമായി പുനരൈക്യം സമ്പാദിക്കയാണെ ന്നോ റോമ്മാസഭയിൽചേരുകയല്ലെന്നോ റോമ്മാക്കാർ ഇങ്ങോട്ടു വരികയാണന്നൊ ആരെങ്കിലും പ്രസ്താവിക്കു

ന്നപക്ഷം റോമ്മാക്കാരിൽ ഒരു അല്മായക്കാരൻപോലും ഇതു വകവെച്ചു തരുമൊ? എന്നു കണ്ടറിയേണ്ടതാണ്.

൨. നമ്മുടെ വിശ്വാസാചാരങ്ങൾക്കു യാതൊരു വ്യത്യാസവും വരുത്തേണ്ടതില്ലാ എന്നു റീത്തുപ്രസ്ഥാനക്കാർ ഘോഷിച്ചു വരുന്നു. ഇതിലെത്രമാത്രം വാസ്തവമുണ്ടെന്നു വിചിന്തനം ചെയ്യേണ്ടതു നമ്മുടെ ധർമ്മമാണ്. റഹമാനി പാത്രിയർക്കീസിനു അനുവദിച്ചു കൊടുത്തിട്ടുള്ള കർബ്ബാന തക്സാ തന്നെ ഇവിടെയും സ്വീകരിച്ചുകൊള്ളാമെന്നു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു സമ്മതിച്ചു മാർപാപ്പായിക്കു എഴുതി അയച്ചു എന്നും അതിൽ വരുത്തീട്ടുള്ള മാററങ്ങളോടുകൂടെ ഇവിടത്തെ തക്സാ സ്വീകരിക്കണമെന്നുമാണു പറഞ്ഞുകേൾക്കുന്നതു്. ഇപ്പോൾ നാം ഉപയോഗിച്ചു വരുന്ന കർബ്ബാന തക്സായിൽനിന്നു ഇതു എത്രകണ്ടു വ്യത്യസ്തപ്പെട്ടിരിക്കുന്നുയെന്നു നമുക്കു പരിശോധിക്കാം. പ്രധാന വ്യത്യാസങ്ങൾ താഴെ കുറിക്കുന്നു.

മ. റഹമാനി പാത്രിയർക്കീസിനു അനുവദിച്ച തക്സായിലെ കൌമ്മായിൽ നിന്നു "ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനെ" എന്ന ഭാഗം വിട്ടുകളഞ്ഞിരിക്കുന്നു. ഇതിൻെറ കാരണം അഞ്ചാം നൂററാണ്ടിൽ ജീവിച്ചിരുന്ന യാക്കോബായ പിതാക്കന്മാരിലൊരാളായ പീററർ ദി ഫുള്ളർ ഈ പ്രാൎത്ഥനകൂട്ടിച്ചേൎത്തു എന്നുള്ള ന്യായത്തിന്മേലാണ്.

b. നാം ഉപയോഗിക്കുന്ന വിശ്വാസപ്രമാണത്തിൽ പരിശുദ്ധറൂഹാ "പിതാവിൽനിന്നു പുറപ്പെടുന്നു" എന്നഭാഗം തിരുത്തി "പിതാവിൽനിന്നും പുത്രനിൽനിന്നും

പുറപ്പെടുന്നു" എന്നു കൂട്ടിച്ചേർത്തിരിക്കുന്നു. നാം ഉപയോഗിക്കുന്ന വിശ്വാസപ്രമാണം ക്രിസ്താബ്ദം 325-ൽ നിഖ്യാസുന്നഹദോസിൽവച്ചു ക്രോഡീകരിക്കപ്പെട്ടു. കിഴക്കൻസഭകളെല്ലാം ഇന്നും ഇവതന്നെ ഉപയോഗിച്ചുവരുന്നു. പരിശുദ്ധറൂഹാ "പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു" എന്ന തത്വം സ്വീകരിക്കുവാൻ ഇന്നും അവർ തയാറില്ല. യഥാർത്ഥത്തിൽ കിഴക്കൻ സഭകളും റോമ്മാ സഭയുമായി ഭിന്നിച്ചു പിരിയുന്നതിനുണ്ടായ സർവ്വപ്രധാനമായ കാരണങ്ങളിലൊന്നിതാണ്. പിതാവിൽ നിന്നും പുത്രനിൽനിന്നും എന്ന ഭേദഗതി നിഖ്യാസുന്നഹദോസു തീരുമാനത്തെ അവഗണിച്ചു റോമ്മാസഭ സ്വാഭിപ്രായപ്രകാരം വരുത്തീട്ടുള്ളതാകയാൽ കിഴക്കൻ സഭ അതിനെ കഠിനമായി എതിർക്കയും ആക്ഷേപിക്കയും ചെയ്യുന്നു. യവനായ സഭയിൽനിന്നും റീത്തു അനുസരിച്ചു റോമ്മാസഭയിൽ ചേർന്നിട്ടുള്ള ചിലർക്കു നിഖ്യാവിശ്വാസപ്രമാണം ഭേദഗതികൂടാതെ ഉപയോഗിക്കുവാൻ അനുവാദം കൊടുത്തിട്ടുള്ളതായി അറിയാം. എങ്കിലും അവരും വിശ്വസിക്കയും പഠിപ്പിയും ചെയ്യേണ്ടതു പരിശുദ്ധറൂഹാ "പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നു" എന്നാണ് * ഈ സംഗതി റോമൻകത്തോലിക്കു് എൻസൈക്ലോപീഡിയായിൽ റീത്തിനെക്കുറിച്ചു പ്രതിപാദിക്കുന്നഭാഗത്തു സ്പഷ്ടമായി പ്രസ്ഥാപിച്ചിട്ടുണ്ട്. കിഴക്കൻ

---

* ഈ നയംകൊണ്ടു പുതുതായി ചേരുന്നവരെ മടിക്കാതെ അവരുടെ സന്തതികളെ വളച്ചുവാൻ (പച്ച റോമ്മാക്കാരാക്കുവാൻ) സാധിക്കുമെന്നുള്ളതാണു ഇതിൽ അന്തർഭവിച്ചിട്ടുള്ള തന്ത്രമെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലൊ.

സഭകളുടെ ദൃഷ്ടികളിൽ ഈ വിശ്വാസ വ്യത്യാസം ഏറ്റവും ഗൌരവമായ ഒന്നാണ്.

c. തുബ്ദേനിൽ, പ്രത്യേകിച്ചു അഞ്ചാമത്തെ തുബ്ദേനിൽ, പലമാററങ്ങൾ വരുത്തിയിട്ടുണ്ട്. ഇവിടത്തെ റീത്തുപ്രസ്ഥാനക്കാർ ഉപയോഗിക്കുന്ന തുബ്ദേനെല്ലാം ഇതിലും വ്യത്യാസപ്പെടുന്നുണ്ട്. ഇവയെല്ലാം പാലക്കുന്നത്തു മാർ അത്താനാസ്യോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ കാലത്തു ജനങ്ങളുടെ ഉപയോഗത്തിനായിമാത്രം ഉണ്ടാക്കിയിട്ടുള്ളതാണ്. അക്കാലത്തു പട്ടക്കാരും ശുശ്രൂഷക്കാരും എല്ലാ ഭാഗങ്ങളും സുറിയാനിയിൽതന്നെയാണ ചൊല്ലിവന്നതു്. അതുകൊണ്ടുമാത്രമാണ ഇങ്ങിനെ ഒന്നുണ്ടാക്കേണ്ട ആവശ്യമുണ്ടായതു്. ശുശ്രൂഷക്കാരൻ തുബ്ദേൻ ചൊല്ലുമ്പോൾ ജനങ്ങൾ ചൊല്ലേണ്ടതെന്നു വ്യക്തമായി അതിൽ പറയുന്നുമുണ്ട്. ഇതു അല്പാ ഭേദപ്പെടുത്തി മാർ ഈവാനിയോസു മെത്രാപ്പോലീത്താതിരുമനസ്സുകൊണ്ടു ഉപയോഗിപ്പാൻ ഇപ്പോൾ അനുമതി നൽകിയിരിക്കുന്നു. മലങ്കര സുറിയാനി പള്ളികളിൽ ഉപയോഗിച്ചുവരുന്ന മലയാളത്തിലുള്ള തുബ്ദേൻ സുറിയാനിയിൽനിന്നു തർജ്ജിമചെയ്തതാണ്. എന്നാൽ മാർ ഈവാനിയോസു മെത്രാപ്പോലീത്താ അനുവദിച്ചിട്ടുള്ള തുബ്ദേൻെറമൂലം സുറിയാനിയിൽ ഇല്ലതന്നെ. ആ കുറവു പരിഹരിപ്പാൻ ഈ "റീത്തു" തുബ്ദേനെല്ലാം മലയാളത്തിൽനിന്നു സുറിയാനിയിലേക്കു പരിഭാഷപ്പെടുത്തിച്ചേർത്തു കർബ്ബാനക്രമം പുതുതായിരൂപീകരിച്ചതായി അറിയാം. ഇപ്രകാരം മാററംവരുത്തിയതിൻെറ പ്രധാന ഉദ്ദേശം മാർ ദീയസ്കോറോസു, മാർ യാക്കോബുർദാന ആദിയായി റോമ്മാക്കാർ സ്വീകരി

ക്കാത്ത നമ്മുടെ പിതാക്കന്മാരുടെ നാമങ്ങളെ ബഹിഷ്കരിക്കുവാൻ മാത്രമാണ്. നമ്മുടെ സഭയ്ക്കു വേദവിപരീതമുണ്ടെന്നോ നമ്മുടെ പട്ടത്വവും കൂദാശകളും അസാധുവാണെന്നോ റോമൻ കത്തോലിക്കർപോലും വാദിക്കുന്നില്ല.

മലങ്കര സുറിയാനിസഭയ്ക്കു ശീശ്മയുണ്ടെന്നു റോമൻ കത്തോലിക്കർ പറഞ്ഞുവരുന്നു. അങ്ങിനെയെങ്കിൽ കിഴക്കൻസഭകളുടെ കണ്ണുകളിൽ റോമ്മാസഭയും റോമ്മാസഭയുടെ ദൃഷ്ട്യാ കിഴക്കൻ സഭകളും അന്യോന്യം ശീശ്മയിൽ സ്ഥിതിചെയ്യുന്നു. പുരാതന സത്യവിശ്വാസത്തെ അഭേദമായി പാലിക്കുന്നതു കിഴക്കൻ സഭകളാണെന്നു യവനായസഭ അഭിമാനിക്കയും "സകല സഭകളുടെയും മാതാവു" എന്നപേരിൽ തൃപ്തി അടയുകയും ചെയ്യുന്നു.

d. മലങ്കരസുറിയാനിക്കാർ ഉപയോഗിച്ചുവരുന്ന വി. യാക്കോബിന്റെ തക്സായിൽനിന്നും ഒന്നാമത്തെ മറയിട്ടശേഷം പട്ടക്കാർ രഹസ്യമായി കണ്ടിപ്പിന്റെ ശുശ്രൂഷയിൽ ഉപയോഗിക്കുന്ന പ്രാർത്ഥന പാടെ നീക്കി പകരം വേറെ ഒരു പ്രാർത്ഥനയാണ് റഹമാനിപത്രിയർക്കീസും അനുയായികളും ഉപയോഗിക്കുന്ന തക്സായിൽ ചേർത്തിരിക്കുന്നതു്. ഇവിടത്തെ പുതിയ റീത്തുകാരും ഇതുതന്നെയാണു ചെയ്തുവരുന്നതു്. അതിന്റെ കാരണം ഈ പ്രാർത്ഥന ൧൨-ാം നൂററാണ്ടിലൊ മറെറാ ജീവിച്ചിരുന്ന മാർ ദീവന്നാസ്യോസു ബർസ്ളീബി എന്നപിതാവു കൂട്ടിച്ചേർത്തതാണെന്നും ഇദ്ദേഹം യാക്കോബ്യനായിരുന്നെ

ന്നും ഈ പ്രാർത്ഥനയിൽ ഏകസ്വഭാവവാദത്തെ സ്ഥിരീകരിക്കുന്ന വാചകങ്ങൾ ഉണ്ടെന്നും ഉള്ളതാണ് *

മേൽപ്രസ്താവിച്ചിട്ടുള്ള വ്യത്യാസങ്ങളെല്ലാം തക്സായിൽ വരുത്തിയിരിക്കെ "നമ്മുടെ വിശ്വാസത്തിനു യാതൊരു വ്യത്യാസവുമില്ല. കുർബാന ഇതുപോലെതന്നെ ഇരിക്കും" എന്നെല്ലാം അറിവില്ലാത്തവരെ പറഞ്ഞുവിശ്വസിപ്പിച്ചുവരുന്നതു ശരിയാണോ? കുർബ്ബാനതക്സായിൽ ഈ മാററങ്ങൾ വരുത്തിയിരിക്കവെ മററുള്ള ശുശ്രൂഷകളിലും വ്യത്യാസങ്ങൾ വരുത്തേണ്ടതായി വരാവുന്നതാണ്.

ദുഃഖവെള്ളിയാഴ്ചത്തെ സ്ലീബാവന്ദനവു, ഉയിർപ്പു, പെന്തിക്കോസ്തി ഒരം ശുശ്രൂഷക്രമത്തിൽ സാരതരമായി പല വ്യത്യാസങ്ങൾ ശീമരാജ്യത്തെ റീത്തുകാരുടെ ഇടയിൽ വരുത്തിട്ടുണ്ടെന്നു റഹമ്മാനി പാത്രിയർക്കീസിനോടുകൂടെ ദീർഘനാൾ താമസിച്ചിരുന്ന മാറത്തിൽ ശമുവേൽ കത്തനാർ പറകയുണ്ടായി.

൩. മാർപ്പാപ്പായുടെ പരമാധികാരം, തെററിക്കൂടായ്മ, വി: മാതാവിന്റെ അമലോത്ഭവം ആദിയായി റോമ്മാസഭ ഉപദേശിക്കുന്ന പുതിയ വിശ്വാസപ്രമാണത്തെ കിഴക്കൻസഭ പാടെ ത്യജിക്കുന്നവയത്രെ. റോമ്മാ

* 12-ാം നൂററാണ്ടിൽ കൂട്ടിച്ചേർത്ത ഈ പ്രാർത്ഥന നിഷിദ്ധമെങ്കിൽ 19-ാം നൂററാണ്ടിന്റെ ഒടുവിൽ (1870-ൽ) റോമ്മാസഭ കൂട്ടിച്ചേർത്തവയും ക്രിസ്തീയസഭകളുടെ പുനരൈക്യത്തിനു പ്രധാന തടസ്സവുമായിരിക്കുന്ന "മാർപാപ്പായുടെ തെററിക്കൂടായ്മ"വിശ്വാസവും മററും തിരസ്കരിക്കുന്നതല്ലേ അത്യാവശ്യമെന്നുള്ള സംഗതി വായനക്കാർ പ്രത്യേകം ചിന്തിക്കേണ്ടതാണ്.

സഭയിൽപോലും ഇവ രക്ഷയ്ക്കു അത്യാവശ്യപ്പെട്ട വിശ്വാസപ്രമാണമായി സ്വീകരിക്കപ്പെട്ടതു ൧൯-ാം നൂററാണ്ടിൻെറ അവസാനത്തിലാണ്.

അക്കാലത്തു അയർലണ്ടിലുണ്ടായിരുന്ന റോമൻകത്തോലിക്കബിഷപ്പന്മാർപോലും ഇവയെ എതിർക്കയുണ്ടായി. വി: പത്രോസു ശ്ലീഹന്മാരുടെ എല്ലാം തലവനായിരുന്നെന്നും തന്നിൽക്കൂടെ മാത്രമാണു മററുള്ള ശിഷ്യന്മാർക്കു അധികാരാവകാശങ്ങൾ ലഭിച്ചതെന്നും പത്രോസാകുന്ന പാറയിന്മേലാണ് കർത്താവേശുമിശിഹാ വി: സഭ സ്ഥാപിച്ചതെന്നും റോമ്മാസഭ പഠിപ്പിക്കുന്നു. ഈ ഉപദേശങ്ങളെ പാടെ തിരസ്കരിക്കുന്ന കിഴക്കൻസഭാവിഭാഗമായ മലങ്കര സുറിയാനിസഭയ്ക്കു വിശ്വാസവ്യത്യാസംകൂടാതെ ഇവ എങ്ങിനെ സ്വീകരിക്കാൻ കഴിയും? നമ്മുടെ സുറിയാനി നമസ്കാരപ്പുസ്തകത്തിൽ ചില ഭാഗത്തു പത്രോസിനെ ശ്ലീഹന്മാരുടെ തലവനായി പറഞ്ഞിട്ടുണ്ടെന്നും മററും പുതിയ റീത്തുകാർ പ്രസ്താവിക്കുന്നു. തലവൻ എന്നു നിർദ്ദേശിച്ചിരിക്കുന്ന ഭാഗങ്ങളിൽ സമന്മാരിൽ മുൻപൻ എന്ന അർത്ഥത്തിലല്ലാതെ സമന്മാരുടെ മേലധികാരി എന്ന അർത്ഥത്തിൽ അവിടെ നിർദ്ദേശിച്ചിട്ടില്ല. പത്രോസാകുന്ന പാറമേലാണ് പള്ളി പണിയപ്പെട്ടിട്ടുള്ളതെന്നുള്ള വാദത്തെ കിഴക്കൻസഭ മുഴുവനായി സ്വീകരിക്കാതെ പത്രോസു ഏററുപറഞ്ഞിട്ടുള്ള വിശ്വാസത്തിന്മേൽ സഭ പണിയപ്പെട്ടിരിക്കുന്നു എന്നു കിഴക്കൻസഭ പഠിപ്പിക്കുന്നു. നമ്മുടെ കുർബാന തക്സായിൽ ഒന്നാമത്തെ തുബ്ദേനിൽ പട്ടക്കാർ പരസ്യമായി ചൊല്ലുന്ന പ്രാ

...ൽ "സത്യവിശ്വാസമാകുന്ന പാറമേൽ സ്ഥാ ...പിച്ചിരിക്കുന്നതും പാതാളവാതിലുകൾ അതിനെ ജയി ...ക്കാത്തതും ആയ വി: സഭയുടെ സ്ഥിരതയും......... ......"എന്നു കാണുന്നു. ഈ ഭാഗം ഇപ്പോഴുള്ള സർവ്വ ത ...കസാകളിലും ഏററം പുരാതനമെന്നു എല്ലാവരും സമ്മതി ...ക്കുന്നതും നാം ഉപയോഗിക്കുന്നതുമായ മാർ യാക്കോബി ...ന്റെ തക്സായിൽനിന്നു ഉദ്ധരിച്ചിട്ടുള്ളതാണ്.

ക്രിസ്ത്വാബ്ദം ഒന്നാംനൂററാണ്ടിൽതന്നെയാണ് ഈ ...തക്സാ രചിക്കപ്പെട്ടതെന്നു പല ശാസ്ത്രജ്ഞന്മാരും സ ...മ്മതിക്കുന്നു. ഇത്രയും പുരാതനമായി ഒരു തക്സായിൽ ...ത്രോസു എന്നുപറഞ്ഞ സത്യവിശ്വാസമാകുന്ന പാറ ...മേലാണ് സഭ പണിയപ്പെട്ടിട്ടുള്ളതെന്നു പ്രസ്താവിപ്പാ ...ൻ ഇടയായതു്, റോമ്മാക്കാർ ഇപ്പോൾ ഉപദേശിക്കുന്ന ...പരമാധികാരവാദങ്ങളും മററും ഒരുകാലത്തു ഉണ്ടായേക്കാ ...മെന്നു കരുതി വി: ആത്മാവു അന്നത്തെ വി: പിതാക്ക ...ന്മാരിലൂടെ അതിനെ വെളിപ്പെടുത്തിയതായി തോന്നിപ്പോ ...കുന്നു. സുറിയാനി നമസ്കാരപ്പുസ്തകത്തിലും കാനോനി ...ലും വി: പത്രോസിനെ പരമാധികാരി എന്ന അർത്ഥത്തി ...ലാണ് നിർദ്ദേശിച്ചിരിക്കുന്നതെങ്കിൽ നമസ്കാരമുണ്ടാ ...ക്കിയ പിതാക്കന്മാരൊ അവരുടെ പിൻഗാമികളൊ റോ ...മയുടെ സിംഹാസനത്തിനൊ മാർപ്പാപ്പായിക്കൊ കീഴ്പ്പെട്ടു ജീവിക്കാഞ്ഞതെന്തുകൊണ്ടു്?

കിഴക്കൻസഭകൾ പഴയകത്തോലിക്കർ, ആംഗ്ലോ കാത്തോലിക്സ് ആദിയായി ഏകദേശം റോമൻക ത്തോലിക്കരോളം സംഖ്യാബലമുള്ളതും കാതോലികവി

ശാസനത്തെ പരിപാലിച്ചുവരുന്നതുമായ സഭകൾ റോമ
സഭയിൽനിന്നു വേർപെട്ടുനിൽക്കുന്നതിനുള്ള സർവ്വപ്രധാ
നകാരണം പരമാധികാരവാദമാണ്. (Vide Eightee
Centuries of Greek Christianity by Hore)

൪. റീത്തുകാർ പറയുന്നപ്രകാരം നാം റോമ്മാസ
ഭയിൽ ചേരുകയല്ലെങ്കിൽ അഥവാ റോമ്മാസഭ ഇങ്ങോ
ട്ടു വരികയാണെങ്കിൽ റീത്തുപ്രസ്ഥാനത്തിനനുകൂലിക്കാ
തെ മലങ്കര സുറിയാനിസഭാംഗങ്ങളായി നിലനിൽക്കുവാ
ൻ ആഗ്രഹിക്കുന്നവർക്ക് വി: കർബ്ബാന കൊടുക്കുന്നതി
നുള്ള തടസ്സമെന്തു? "താൻ ഐക്യപ്രസ്ഥാനത്തോട്
അനുകൂലിക്കുന്നില്ലെങ്കിലും ഞങ്ങളോടുകൂടെ താമസിക്കുന്ന
തു് എനിക്കു സന്തോഷമാണ്. പക്ഷേ തനിക്കു കർബ്ബാ
ന തരുവാൻ എനിക്കു വിരോധമില്ലെങ്കിലും റോമ്മാസഭ
യുടെ നിയമപ്രകാരം അതിനു നിവൃത്തിയില്ല" എന്നു
മാർ ഈവാനിയോസു തിരുമേനി ഫാദർ അലക്സ്യോ
സിനോടു കല്പിക്കയുണ്ടായി. വിശ്വാസാചാരങ്ങൾക്കും മ
റ്റും ഒട്ടും ഭേദഗതിയില്ലെങ്കിൽ ഈ കാര്യത്തിലുള്ള പ്രതി
ബന്ധമെന്തെന്നു ഗ്രഹിക്കാൻ കഴിയുന്നില്ല.

൫. റോമ്മാസഭയിലെ മേല്പട്ടക്കാരുടെ ശ്രേഷ്ഠാനു
മതി ലഭിക്കാത്ത ഏതെങ്കിലും പുസ്തകം റീത്തനുസരിച്ച്
റോമ്മാസഭയിൽ ചേരുന്നവർക്കു വായിപ്പാൻ സ്വാതന്ത്ര്യ
മുണ്ടായിരിക്കുമൊ എന്നറിഞ്ഞാൽ കൊള്ളാം. ഇപ്പോ
ൾ സർവ്വസാധാരണമായി നമ്മുടെ സഭാംഗങ്ങൾ ഉപയോ
ഗിച്ചുവരുന്ന പ്രോട്ടസ്റ്റൻറുവേദപുസ്തകം വായിക്കുവാൻ
അവർക്കു് അനുവാദം കിട്ടുമൊ? തിരുമനസ്സുകൊണ്ടു പെ

നാട്ടിലുള്ള ബെഥനിആശ്രമത്തിൽനിന്നു പോരുമ്പോൾ അവിടെയുണ്ടായിരുന്ന സുറിയാനിപുസ്തകങ്ങളും റോമൻകത്തോലിക്കാപുസ്തകങ്ങളും മാത്രമെ കൊണ്ടുപോന്നുള്ളു. അവിടത്തെ ഗ്രന്ഥസഞ്ചയത്തിലുള്ള ൯൦ ശതമാനം പുസ്തകങ്ങളും ആംഗ്ലിയാസഭയിലെ ഹൈച്ചർച്ച് ഗ്രന്ഥകാരന്മാരാൽ എഴുതപ്പെട്ടിട്ടുള്ളവയാണ്. ഈ പുസ്തകങ്ങൾ ഒന്നും ഇനിമേൽ ഞങ്ങൾക്കാവശ്യമില്ല. അവയെല്ലാം ഫാദർ അലക്സ്യോസിനിരിക്കട്ടെ. ഞങ്ങൾക്ക കത്തോലിക്കാപുസ്തകങ്ങൾ മാത്രം * വായിക്കുവാനുള്ള ശ്രേഷ്ഠസ്വാതന്ത്ര്യം ഉണ്ട് എന്നു കല്പിക്കയുണ്ടായി. ഇതിൽനിന്നു റോമ്മാസഭ അനുവദിക്കാത്ത പുസ്തകങ്ങൾ വായിക്കുവാൻ റീത്തുപ്രസ്ഥാനക്കാൎക്ക സാധിക്കുന്നതല്ലെന്നു വ്യക്തമാണല്ലൊ.

൩. റോമ്മൻകത്തോലിക്കരല്ലാത്ത ആളുകളാൽ നടത്തപ്പെടുന്ന മതസംബന്ധമായ യോഗങ്ങളിൽ സംബന്ധിക്കുന്നതിനു റീത്തുപ്രസ്ഥാനക്കാൎക്ക സ്വാതന്ത്ര്യമുണ്ടായിരിക്കുമൊ എന്നു സംശയമാണ്. അങ്ങിനെ സ്വാതന്ത്ര്യമുള്ളപക്ഷം കേവലം ഒരു രാഷ്ട്രീയപ്രസ്ഥാനമായ കേരളത്തിലെ ക്രൈസ്തവ സേവകാസമിതിയിൽ പോലും റോമ്മൻ കത്തോലിക്കർ പങ്കെടുക്കാത്തതു എന്തുകൊണ്ട്?.

൪. റീത്തനുസരിച്ച് റോമ്മാസഭയിൽ ചേൎന്ന

* ഇങ്ങിനെ റോമ്മാസഭക്കാർ മാത്രമെ മനുഷ്യരെ കിണററിലെ തവളകളെപ്പോലെ ലോകത്തെ സംഗതികളുടെയും മറുവശം കാണാതെയും പ്രത്യേകം അടച്ചിട്ടു കിടക്കുന്നതു ശരിയല്ല എന്നു പട്ടക്കാർ പറഞ്ഞുകൊടുത്താൽ വിശ്വസിക്കത്തക്ക നിലയിലും പരിഷ്കരിക്കുവാൻ സാധിക്കയുള്ളുവല്ലൊ.

ശേഷവും ഇപ്പോഴത്തെപ്പോലെ റോമ്മൻ കത്തോലിക്ക
ല്ലാത്ത സമുദായക്കാരുമായി അന്യോന്യം വിവാഹം ന
ടത്തുന്നതിനു യാതൊരു പ്രതിബന്ധവുമില്ലെന്നു ചില
ർ പറഞ്ഞുവരുന്നതായി അറിയുന്നു. ഇതിന്റെ പര
മാൎത്ഥം നമ്മുടെ റോമ്മൻ കത്തോലിക്കാ സഹോദരന്മാ
രോടു ചോദിച്ചു മനസ്സിലാക്കുകയായിരിക്കും ഉത്തമം. ഇ
തു സംബന്ധിച്ചു ഞങ്ങളുടെ അറിവിൽപെട്ട ഒരു സം
ഗതി ഇവിടെ പ്രസ്താവിക്കുന്നതു ആവശ്യമെന്നു തോ
ന്നുന്നു. കോട്ടയം സ്വദേശിയും രണ്ടു മൂന്നു വൎഷം ശീമ
യിൽ താമസിച്ചിരുന്ന ആളുമായ മററത്തിൽ ശമുവേൽ
കത്തനാർ അവർകൾ ഇപ്രകാരം പറകയുണ്ടായി. "ശീ
മയിൽ അൎമ്മിനിയാ, യവ്വനായാ, 'യാക്കോബായ', ഇങ്ങ
പ്പോയ ഈ സഭകളിൽ നിന്നെല്ലാം റീത്തനുസരിച്ച്
റോമ്മാസഭയിൽ ചേൎന്നുവരുന്നുണ്ട്. അവർക്കാൎക്കും ത
ന്നെ വിട്ടുപോയ മാതൃസഭകളിലെ അംഗങ്ങളുമായി വി
വാഹം നടത്തുന്നതിനു അനുവാദമില്ല. സംഗതികളു
ടെ യാഥാൎത്ഥ്യം ഇങ്ങനെ ഇരിക്കെ വിവാഹത്തിനു ത
ടസ്സമില്ലെന്നു റീത്തുകാർ ഘോഷിക്കുന്നതു ഇതു സംബ
ന്ധിച്ചു താല്ക്കാലികമായ വല്ല അനുവാദം വിശിഷ്യാ അ
വൎക്കു ലഭിച്ചിട്ടായിരിക്കുമൊ എന്നറിയുന്നില്ല.

വ്വ. ഓസ്റ്റ്റിയാ, പടിഞ്ഞാറെ റഷ്യാ, പോളണ്ടു മുതലായ രാജ്യങ്ങളിലുള്ള കിഴക്കൻ സഭകളിൽ നിന്ന്

---

* "യാക്കോബായക്കാർ" എന്നു ഇവിടെ ചിലർ പറഞ്ഞുവരുന്ന സ
ഭാംഗങ്ങളെ ശീമയിൽ "സുറിയാനിക്കാർ" എന്നപേരിൽമാത്രമാണു അ
റിയപ്പെട്ടുവരുന്നതു എന്നുള്ള സംഗതി സഭാംഗങ്ങൾ പ്രത്യേകം ധരിച്ചിരി
ക്കണം.

റീത്തനുസരിച്ചു റോമ്മാസഭയിൽ ചേൎന്നവരുടെ കാൎയ്യവും നമുക്കു ചിന്താവിഷയമായിരിക്കേണ്ടതാണു്. ഓസ്റ്റ്റിയായിൽ ഗലിഷ്യാ എന്നൊരു പ്രോവിൻസുണ്ടു്. യവുനായസഭാംഗങ്ങളായ ഏകദേശം മുപ്പത്തിയഞ്ചുലക്ഷം ആളുകൾ അവിടെ പാൎത്തിരുന്നു. റീത്തനുസരിച്ചു ഇവരിൽ ചില മേല്പട്ടക്കാരും പട്ടക്കാരും ജനങ്ങളും റോമ്മാസഭയിൽ ചേരുകയുണ്ടായി. കുറെ കഴിഞ്ഞപ്പോൾ റോമ്മാ പട്ടക്കാരെയും മററും സിമ്മനാരികളിൽ നിയമിച്ചു് റോമ്മാസഭയുടെ വിശ്വാസാചാരങ്ങൾ പഠിപ്പിക്കുവാൻ തുടങ്ങി. കിഴക്കുൻസഭയിലെ ചില പൂൎവ്വീക ആചാരങ്ങൾക്കു മാററം വരുത്തുവാനുള്ള ശ്രമവും ആരംഭിച്ചു. കൎത്തൃപ്രാൎത്ഥന സ്ലാവുഭാഷയിലുള്ള ൭൩ വാക്കുകൾ ചേൎത്തുണ്ടാക്കിയതാണു്. ഇതിൽ ൧൦ ഒഴികെ ബാക്കിയുള്ളതെല്ലാം ലത്തീൻവാക്കുകളും മററും ചേൎത്തു ഭേദപ്പെടുത്തി. ഇത്രയുമായപ്പോൾ പട്ടക്കാരും ജനങ്ങളും തങ്ങൾക്കു പററിയ അപത്തിനെപ്പററി ദുഃഖിക്കുകയും വിശ്വാസാചാരങ്ങളെ ലത്തീൻരീതിയിലാക്കുവാൻ അത്യധികം ശ്രമിച്ചുകൊണ്ടിരുന്ന മേല്പട്ടക്കാരനെ ആററിൽ കെട്ടിത്താഴ്ത്തി കൊന്നിട്ടു മാതൃസഭയിലേക്കു കൂട്ടം കൂട്ടമായി ഒഴുകിത്തുടങ്ങുകയും ചെയ്തു. ഈ സംഭവം സുറിയാനിക്രിസ്ത്യാനികളെ കൂനംകുരിശു സത്യം മുതലായവയെപ്പററി ഓൎമ്മപ്പെടുത്താതെയിരിക്കയില്ലെന്നു വിശ്വസിക്കുന്നു. പടിഞ്ഞാറെ റഷ്യ, പോളൻഡ് മുതലായ സ്ഥലങ്ങളിൽ നിന്നും ഒട്ടുവളരെപ്പേർ റീത്തുപ്രസ്ഥാനമുപേക്ഷിച്ചു് ഇതുപോലെ തങ്ങളുടെ മാതൃസഭയിൽ ചേരുവാൻ ഇടയായിട്ടുണ്ടു്.

(Vide chapter 25. "Birkleeck and th

Russian Church" also 'Mother of all Churches' by Cole).

ൻ. അമ്മീനിയാ, ഇജിപ്താ മുതലായ ചെറിയ കിഴക്കൻ സഭകൾ (Lesser Eastern Churches) എല്ലാം ഗ്രീസിലെയും റഷ്യയിലെയും വലിയ ഓർത്തഡൊക്സു സഭയോടും റോമ്മാസഭയോടും സംസർഗ്ഗബന്ധമില്ലാതെ ഇരിക്കുകയാണ്.. കിഴക്കൻ സഭകളെല്ലാം ഒന്നായി യോജിക്കുന്നതിനും പുനരൈക്യം സാധിക്കുന്നതിനുംവേണ്ടി അടുത്തുതന്നെ മൌണ്ട് ആതോസ് എന്ന സ്ഥലത്തു കിഴക്കൻ സഭയുടെ ഒരു പ്രാരംഭ സൂന്നഹദോസ് കൂടുകയുണ്ടായി. അടുത്തുതന്നെ വേറൊരു വമ്പിച്ച സൂന്നഹദോസ് നടക്കുന്നതായിരിക്കും. ഇതിൻെറ ഫലം പല പാത്രിയക്കീസന്മാരുടെ കീഴിൽ സ്ഥിതിചെയ്യുന്ന കിഴക്കൻ സഭകളുടെ പുനരൈക്യമായിരിക്കുമെന്നും അതുമൂലം ക്രൈസ്തവലോകത്തിനു വിലതീരാത്ത പല ഗുണങ്ങൾ ഉണ്ടാകുമെന്നും ആംഗ്ലോ കാതോലിക്കു് ആദിയായ അനേകർ പ്രതീക്ഷിക്കുന്നു. റോമ്മാസഭയൊഴികെ കാതോലിക വിശ്വാസം പരിപാലിച്ചുപോരുന്ന സകല സഭകളും തമ്മിലുള്ള പുനരൈക്യ സംരംഭമാണിതു എന്ന് അനേകർ വിചാരിക്കയും ചെയ്യുന്നു. ഇതിൻെറ ഫലപ്രാപ്തിക്കായി എരിവേറിയ പ്രാർത്ഥന നടത്തുന്നവരും അസംഖ്യമത്രെ. കാതോലിക വിശ്വാസം പരിപാലിച്ചുപോരുന്നവയും മാർപാപ്പായുടെ പരമാധികാരത്തിനു കീഴ്പെടാത്തവയുമായ സഭകളുടെപുനരൈക്യം സാദ്ധ്യമായാൽ കാലാന്തരത്തിൽ റോമ്മാസഭ പരമാധികാരവാദമുപേക്ഷിച്ചു ആദിമകാലങ്ങളിൽ മാർപാപ്പായിക്കുണ്ടായിരുന്ന പ്രാഥ

മ്യം (Primacy) കൊണ്ടു തൃപ്തിപ്പെട്ടുമെന്നും അപ്പോൾ പുരാതനപക്ഷം പുരാതനമായ കാതോലികവിശ്വാസ ത്തെ പാലിച്ചുകൊണ്ടുപോരുന്ന സഭകളെല്ലാം ഒന്നായി തീരുമെന്നും സഭകളുടെ പുനരൈക്യത്തിനുവേണ്ടി അത്യ ധികം പ്രവർത്തിക്കയും പ്രാർത്ഥിക്കയും ചെയ്യുന്ന അനേകാ യിരങ്ങൾ പ്രതീക്ഷിക്കുന്നു. ലോകത്തിലുള്ള പ്രോട്ടസ്റ്റന്റു സഭകൾപോലും പുരാതന വിശ്വാസാചാരങ്ങളെ സ്വീക രിക്കുന്നതിൽ വളരെ ശ്രദ്ധപതിക്കുന്ന ഒരു കാലമാണിതു്. അതുകൊണ്ടു് കാലാന്തരത്തിലെങ്കിലും കാതോലികമായ വിശ്വാസാചാരങ്ങൾക്കു അനുരൂപമായ ഒരു അടിസ്ഥാ നത്തിന്മേൽ മലങ്കരെ സ്ഥിതിചെയ്യുന്ന ഭിന്നവകപ്പുകാ രായ സുറിയാനിക്രിസ്ത്യാനികളെല്ലാം തമ്മിൽ യോജി പ്പാൻ ഇടയാകുമെന്നു നമുക്കു ന്യായമായി പ്രതീക്ഷിക്കാം. റോമ്മാസഭയിൽ റീത്തോടുകൂടെയൊ അല്ലാതെയൊ നാം ചേരുക എന്നുവച്ചാൽ നമ്മുടെ സഹോദരങ്ങളും ഒരുകാ ലത്തു നമ്മിൽനിന്നു വേർപിരിഞ്ഞവരുമായി ഭിന്നവക പ്പുകാരായ സുറിയാനിക്കാർ തമ്മിലുള്ള പുനരൈക്യത്തി നു നാം വഴി അടച്ചുകളയുന്നു എന്നുമാത്രമല്ലാ ഇപ്പോൾ നമ്മോടു സംസർഗ്ഗമില്ലാതെയിരിക്കുന്ന കിഴക്കൻസഭകളു മായുള്ള പുനരൈക്യം തന്നെയും അസാദ്ധ്യമാക്കിത്തീർക്ക യത്രെ ചെയ്യുന്നതു്. വിശ്വാസാചാരങ്ങളിലുള്ള ഐക്യത കൊണ്ടും മാർപ്പാപ്പായുടെ പരമാധികാരം, തെററില്ലായ്മ മുതലായ വാദങ്ങൾ കിഴക്കൻസഭകൾക്കില്ലാത്തതിനാ ലും വേണ്ടിവന്നാൽ അവരുമായുള്ള പുനരൈക്യം കിഴ ക്കൻസഭകളിലൊന്നായ മലങ്കര സുറിയാനിസഭയ്ക്കു സാ ദ്ധ്യമത്രെ. ഇതുമാത്രവുമല്ല മാർ തോമ്മാശ്ലീഹായാൽ കേ

രളത്തിൽ സ്ഥാപിതമായ ഈ സഭയ്ക്കു ഇൻഡ്യയിലെ ജാത്യൈക്യസഭയുടെ അടിസ്ഥാനക്കല്ലായി തീരുവാനും കാലാന്തരത്തിൽ കഴിയുന്നതാണ്. റോമാസഭയുടെ പ്രശംസകളിലൊന്നു അപ്പോസ്തോലന്മാരുടെ കൂട്ടത്തിൽ ഒരുവനായ വി: പത്രോസിനാൽ അതു സ്ഥാപിതമായി എന്നുള്ളതാണല്ലൊ. അങ്ങിനെയെങ്കിൽ വി: ശ്ലീഹന്മാരിൽ ഒരുവനായ മാർ തോമ്മാശ്ലീഹായാൽ സ്ഥാപിതമായ കേരളത്തിലെ ഈ സഭയ്ക്കു അഭിമാനത്തിനും സ്വാതന്ത്രഭരണത്തിനും അവകാശമില്ലെന്നു വന്നുകൂടുമൊ? ഇൻഡ്യായെ സംബന്ധിച്ചിടത്തോളം മലങ്കര സുറിയാനി സഭയ്ക്കു ഒരു പ്രത്യേക മിഷ്യൻ നടത്തുവാനുമുണ്ട്. ഇൻഡ്യയുടെ രാഷ്ട്രീയ വിപ്ളവങ്ങൾ മൂലവും മററും പാശ്ചാത്യഭരണം, പാശ്ചാത്യമതം എന്നിവയോടു ഭാരതവാസികൾക്കു അല്പമല്ലാത്ത മുൻവിധിയും വെറുപ്പും ദ്വേഷവും ഉണ്ടെന്നുള്ളതു പരസ്യമായ രഹസ്യമാണ്. ഭാരതഭൂമിയിൽ നൂറുകോടിയോളം ജനങ്ങളുള്ളതിൽ ൪൫ ലക്ഷം ആളുകളെ ക്രിസ്ത്യാനികളായിട്ടുള്ളു. പാശ്ചാത്യരെ സംബന്ധിച്ചുള്ള മുൻവിധിയും വെറുപ്പും ഒന്നും പുരാതന കേരളീയ ക്രിസ്ത്യാനികളായ നമ്മെക്കുറിച്ചുണ്ടാവാൻ ഇടയില്ല. ഏതെങ്കിലും പാശ്ചാത്യസഭയോടു നാം സംഘടിക്കപ്പെട്ടാൽ ഇൻഡ്യയിലെ അക്രൈസ്തവരായ ൯൦ ശതമാനം ആളുകളിൽ ഭൂരിപക്ഷത്തെയും ക്രിസ്തുമതത്തിലേക്കു കൊണ്ടുവരുവാനുള്ള പ്രതിബന്ധം നമുക്കു വർദ്ധിക്കയെയുള്ളു. നാം ഒരു മിഷ്യനറിസഭയായിത്തീർന്നു ഇൻഡ്യയെ മുഴുവൻ യേശുതമ്പുരാൻെറ തൊഴുത്തിലേക്കു ആകർഷിക്കുകയും ആദായപ്പെടുത്തുകയും ചെയ്യണമെന്നുള്ള

ഉദ്ദേശം ഒന്നുകൊണ്ടു മാത്രമാണ് പല കഷ്ടതകളും നഷ്ട
ങ്ങളും പ്രയാസങ്ങളും ഉണ്ടായിട്ടും ആദിമുതൽ ഇന്നെയോ
ളം മലങ്കര സുറിയാനിസഭയെ ദൈവം നിലനിർത്തി
പ്പോരുന്നതെന്നനുമാനിക്കുന്നതിൽ യാതൊരു അബദ്ധ
വും ഉണ്ടെന്നു തോന്നുന്നില്ല.

൨൦. റോമാക്കാർ പ്രസിദ്ധം ചെയ്യുന്ന ചില പ
ത്രങ്ങളിൽ ആ സഭയിൽ ഇന്നാർ ഇന്നാർ ചേർന്നു എന്നു
പലപ്പോഴും പ്രസ്താവിക്കാറുണ്ട്. എന്നാൽ റോമാസഭയി
ൽനിന്നു മററു സഭയിലേക്കു വരുന്നവരെക്കുറിച്ചു നാം
അധികമായി കേൾക്കയൊ അറിയുകയൊ ചെയ്യുന്നില്ല.
തിരുമൂലപുരം ബാലികാമഠത്തിലെ പ്രിൻസിപ്പാളായിരു
ന്ന മിസ്സ് ഹോംസു ഇങ്ങിനെ എഴുതിയിരിക്കുന്നു. "റോ
മാസഭയിൽ ചേരുന്ന ആളുകളെക്കുറിച്ച് മാത്രമെ നിങ്ങ
ൾ കേൾക്കുന്നുള്ളു. അവിടെനിന്നും ഇങ്ങോട്ടു പോരുന്നവ
രെക്കുറിച്ച് നിങ്ങൾ ഒന്നും അറിയുന്നില്ല. കൌലിഫാദേ
ഴ്സിനോടു ചോദിച്ചാൽ ഈ പരമാർത്ഥം അറിയാം". ക
ല്ക്കട്ടാ സെൻറുപോൾസ് കോളജിലെ പ്രിൻസിപ്പാളായ
ഡോക്ടർ ബ്രിഡ്ജസ് റോമൻകത്തോലിക്കരുടെ കാ
ൻഡിയിലുള്ള വൈദികസെമിനാരിയിലെ റക്ടറൊ,
പ്രൊഫസറൊ ആയിരുന്നു എന്നുമാണറിവ്. അദ്ദേഹം
ആംഗ്ലിയാസഭയിൽ ചേരുകയും അതിലെ ഒരു പുരോ
ഹിതനായി പരിലസിക്കയും ചെയ്യുന്നു. അടുത്തകാലത്തു
മംഗലാപുരത്തുള്ള ഒരു റോമൻകത്തോലിക്കർ ആര്യസ
മാജത്തിൽ ചേർന്നതായി അറിയുന്നു. തൃശ്ശിനാപ്പള്ളി
ൽ ജസ്യൂട്ടുപാതിരിമാരുടെ വക സെൻറുജോസഫ്കോ
ളജിൽ താമസിച്ചിരുന്നയാളും അവരാൽ പരിശീലിപ്പിക്കപ്പെ

പ്പെട്ട ദേഹവുമായ ഒരാൾ കുറെ മുൻപ് ആര്യസമാജ
ത്തിൽ ചേർന്നതായി പത്രങ്ങളിൽ കാണുകയുണ്ടായി. ഫാ
ദർ അലക്‌സ്യാസ് മലയാരാജ്യത്തു സഞ്ചരിക്കുമ്പോൾ
തൂത്തുക്കുടിക്കാരനും സിംഗപ്പൂരിൽ ഉപാദ്ധ്യായനുമായ ഒരു
റോമ്മാക്കാരൻ സുറിയാനിസഭയിൽ ചേരണമെന്നും ബ
ഥനിആശ്രമത്തിലെ ഒരംഗമായി ചേരണമെന്നാഗ്രഹി
ക്കുന്നതായി അറിയിക്കുകയും അതുസംബന്ധിച്ചു മാർ ഈവ
വാനിയോസ് മെത്രാപ്പോലീത്തായുമായി ചില എഴുത്തുക
ത്തുകൾ നടത്തുകയുമുണ്ടായിട്ടുണ്ടു്. ഫാദർ അലക്‌സ്യോ
സ് മലയാ വിട്ട അവസരത്തിലും ഈ ആൾ അദ്ദേഹ
ത്തെ കണ്ടു് ഈ കാര്യം നിർബ്ബന്ധമായി പറഞ്ഞയച്ചു.
ആംഗ്ലോകാതലിക്സിനാൽ നടത്തപ്പെടുന്ന ചർച്ച്ടൈം
സ് എന്ന പത്രം മുറയ്ക്കു വായിച്ചുകൊണ്ടിരിക്കുന്നവർക്കു
റോമ്മാസഭയിൽ ചേർന്നശേഷം തിരികെ വരുന്ന പല
പട്ടക്കാരെയും ജനങ്ങളെയും പററി അറിയാവുന്നതാണു്.
ഈയിടെ തുരുത്തിക്കാട്, ചെങ്ങളം മുതലായ സ്ഥലങ്ങ
ളിൽനിന്നു റോമ്മാസഭയിൽ ചേരുകയും തിരികെ പോ
രികയും ചെയ്തിട്ടുള്ള പലരേക്കുറിച്ചും ഒരു സമയം വായന
ക്കാർ കേട്ടിരിക്കും. സുറിയാനിസഭാംഗങ്ങളായ ചില പ
ട്ടക്കാരും മേല്പട്ടക്കാരും റോമ്മായിൽ ചേർന്നശേഷം തിരി
കെ പോന്നിട്ടുള്ള കഥയും പലരും വിസ്മരിക്കാൻ ഇടയി
ല്ല. റഷ്യയിലെ റോമ്മൻകത്തോലിക്കാപട്ടക്കാരിൽ പലർ
റോമ്മാസഭ വിട്ടു യൌനായസഭയിൽ ഓരോ കാലങ്ങളി
ൽ ചേർന്നുവന്നതായി റഷ്യൻസഭയെക്കുറിച്ചു പ്രതിപാ
ദിക്കുന്ന ചില പുസ്തകങ്ങളിൽ കാണുന്നു. അതുകൊണ്ടു
നമ്മുടെ മാതൃസഭയോടുള്ള കൃത്യം നിർവഹിക്കുന്നതിനുള്ള

മാറ്റും അതിലെ പ്രയാസങ്ങളും ഞെരുക്കങ്ങളും വഴക്കുകളും കണ്ട് ഓടിപ്പോകയല്ലെന്നും ക്ഷമയോടും ധൈര്യത്തോടും ത്യാഗബുദ്ധിയോടുംകൂടെ തമ്മിൽ തമ്മിൽ സഹകരിച്ചു മാതൃസഭയെ ഉദ്ധരിപ്പാൻ ശ്രമിക്കുകയാണെന്നും വിനയപൂർവ്വം പ്രബോധിപ്പിച്ചുകൊള്ളട്ടെ. റഷ്യാസഭ, അമ്മീനിയാസഭ, ആംഗ്ലോകത്തോലിക്ക് സഭാവിഭാഗം മുതലായവയുടെ ചരിത്രം ഈ ആപൽഘട്ടത്തിൽ നമ്മെ ധൈര്യപ്പെടുത്തുകയും ഉത്സാഹചിത്തരാക്കിത്തീർക്കുയും ചെയ്യുന്നതാണ്.

ബ്രഹ്മവാർ, സിലോൺ മുതലായ സ്ഥലങ്ങളിൽനിന്നു കുറെ പട്ടക്കാരും ഒട്ടുവളരെ ജനങ്ങളും റോമ്മാസഭ വിട്ടു മലങ്കര സുറിയാനിസഭയിൽ ചേന്ന വിവരം എവക്കും അറിയാവുന്നതാണല്ലൊ. കാലംചെയ്ത അൽവാറീസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു നമ്മുടെ സഭയിലെ മേല്പട്ടക്കാരാൽ മെത്രാനായി അഭിഷേകംചെയ്യപ്പെട്ട ഒരു വന്ദ്യപുരോഹിതനായിരുന്നു എന്നുള്ളതും ആരും വിസ്മരിക്കുവാൻ ഇടയില്ല. ബ്രഹ്മവാറിലും സിലോണിലും ഇങ്ങനെ സുറിയാനിസഭയിൽചേന്ന രണ്ടുമൂന്നു പട്ടക്കാർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. ആലപ്പുഴയ്ക്കടുത്ത ചേന്നംകരി എന്ന സ്ഥലത്തുനിന്ന് അനേകം ആളുകളും ഒരു പട്ടക്കാരനും ഏറിയ നാളുകൾക്കുമുൻപു മലങ്കര സുറിയാനിസഭാംഗങ്ങളായിത്തീന്ന വിവരവും എവരും ഗ്രഹിച്ചിരിപ്പാൻ എളുപ്പമുണ്ട്. ഇതുപോലെ കൈനകരി എന്നസ്ഥലത്തെ ഒരു ധനാഢ്യൻ റോമ്മാസഭവിട്ടു മത്തോമ്മാസഭയിൽ ചേന്ന വിവരവും പലക്കും അറിവുള്ളതാണ്.

പ്പിച്ചിട്ട മാതൃസഭയുടെ തേജസ്സും ഓജസ്സും വർദ്ധിപ്പിപ്പാൻ അവർ ശ്രമിച്ചില്ല. ഇത്ര വലിയ കഷ്ടനഷ്ടങ്ങൾ അവർ അനുഭവിച്ചിട്ടും യൌനായസഭ ഒഴിച്ചുള്ള മററു കിഴക്കൻ സഭകളിൽ പ്രഥമസ്ഥാനം അവർക്കാണെന്നു പറയാം.

അടുത്തകാലത്തു ബോൾഷെവിക്കകാരിൽനിന്നു റഷ്യാസഭയ്ക്കുണ്ടായിട്ടുള്ള പീഡയും നാശവും വാചാമഗോചരമത്രെ. ൩൭ ബിഷോപ്പന്മാരും ൨൭൬൦ പട്ടക്കാരും ൭൦൦൦ സന്യാസിനീസന്യാസിമാരും യാതൊരുവിധമായ വിസ്താരവും കൂടാതെ കൊല്ലപ്പെട്ടു. അതിൻെറ കാരണം അവർ കർത്താവേശുമിശിഹായെ രക്ഷിതാവായി വിശ്വസിച്ച് ഏററുപറഞ്ഞു എന്നുള്ളതുമാത്രമാണ്. ൪൭ ബിഷോപ്പന്മാരും ൩൮൦൦ പട്ടക്കാരും ൮൦൦൦-ൽപരം സന്യാസിമാരും ദീർഘകാലം കാരാഗൃഹത്തിൽകിടന്നു കഷ്ടപ്പെടേണ്ടതായിവന്നു. ഇതുപോലെ അനേകായിരം അൽമായക്കാരും തങ്ങളുടെ വിശ്വാസത്തിന്നുവേണ്ടി രക്തസാക്ഷികളായിത്തീരുകയും പീഡ അനുഭവിക്കയും ചെയ്തു. മഹാനായ ടിക്കോൺ പാത്രിയർക്കീസ് രണ്ടുവഷം മതത്തിനുവേണ്ടി പീഡ അനുഭവിക്കേണ്ടിവന്നു. ഈ വന്ദ്യപുരോഹിതൻെറ നിശ്ചഞ്ചലമായ നിലയും ദൈവാശ്രയവും ത്യാഗബുദ്ധിയും മാത്രമാണ് ഈ വിപത്തിൽനിന്നു ഏകദേശമായിട്ടെങ്കിലും രക്ഷപെടുന്നതിനു റഷ്യൻസഭയെ സഹായിച്ചതു്.

ഇപ്പോഴും റഷ്യായിൽ ബോൾഷെവിക്കകാർ മതപീഡനം ശക്തിയായി നടത്തിക്കൊണ്ടുവരുന്നു എങ്കിലും റഷ്യാസഭയെ സംബന്ധിച്ചിടത്തോളം ആശയുടെ സൂ

ഷ്ടനം അവിടെ ഉദിച്ചുകഴിഞ്ഞിട്ടുണ്ട്. ഈ പീഡയെല്ലാം തങ്ങളുടെ ശുദ്ധീകരണത്തിന്നായി ദൈവം നിയോഗിച്ച താണെന്നുള്ള വിശ്വാസത്തോടുകൂടെ ദൈവത്തിലേക്ക അടുക്കുവാനും സഭയെ ഉദ്ധരിക്കുവാനുമായി മേല്പട്ടക്കാരു ടെയും പട്ടക്കാരുടെയും ഒരു വലിയ സമൂഹം ശ്രമിച്ചുവരു ന്നു. ഇവരുടെ ശ്രമഫലമായി വൈദികവിദ്യാർത്ഥികളെ അഭ്യസിപ്പിക്കുന്നതിനു പാരീസിൽ റഷ്യൻസഭയുടെ വക യായി ഒരു വൈദീക സിമ്മനാരി സ്ഥാപിച്ചു നടത്തിവ രുന്നുണ്ട്. മാതൃരാജ്യത്തു സൗകര്യമില്ലാത്തതുകൊണ്ടത്രെ വിദേശത്തു ഇങ്ങിനെ ഒരു സ്ഥാപനം ഉണ്ടാക്കുവാൻ അ വർ പ്രേരിതരായി തീൎന്നതു്. ഈ സ്ഥാപനത്തിനു യൂറോ പ്പിലുള്ള നാനാമതസ്ഥന്മാരും ധനസഹായം ചെയ്യുവരു ന്നു. മതപീഡനംനിമിത്തം റഷ്യാസഭയ്ക്കുണ്ടായിട്ടുള്ള ഈ പുതിയ ഉണർവ്വ് യൂറോപ്പിനെ മുഴുവൻ പുളിപ്പിക്കുവാൻ പൎയ്യാപ്തമായിത്തീരുമെന്നു പലരും പ്രതീക്ഷിക്കുന്നു. മരണ ത്തോളം പീഡയും കഷ്ടതയും സഹിക്കേണ്ടിവന്നിട്ടും സ ഭയെ വിട്ടോടാതെ അതിനെ ഉദ്ധരിക്കുവാൻ ശ്രമിച്ചവ രും ശ്രമിക്കുന്നവരുമായ ടിക്കോൺപാത്രിയർക്കീസ് ഗു [illegible] ലായ മഹാശയന്മാരുടെ ഈവിധ ധൈര്യവും ശു[illegible] വും നമ്മെ ശക്തിപ്പെടുത്തുകയും ഉത്സുകരാക്കിത്തീർ[illegible] യും ചെയ്യേണ്ടതാണ്.

കഴിഞ്ഞ യുദ്ധാരംഭകാലത്തു സെർവ്വിയ[illegible] യ്ക്കു നേരിട്ടിട്ടുള്ള വിപത്തുകളെക്കുറിച്ചു [illegible] ഞ്ഞിരിപ്പാൻ ഇടയുണ്ട്. ആ രാജ്യത്തെയും [illegible] രക്ഷിപ്പാൻ ശ്രമിച്ചതു അവിടുത്തെ [illegible] രുന്നു. യുദ്ധക്കളത്തിൽ പടയാളികളുമായ [illegible]

കൂടി അദ്ദേഹം കഷ്ടപ്പെടുകയും വേദന അനുഭവിക്കുയും ചെയ്യുന്ന മാത്രമല്ല, വൈദികവിദ്യാഭ്യാസം ചെയ്യിക്കുന്നതിനും മററുമായി തങ്ങളുടെ യുവാക്കന്മാരിൽ പലരെയും ബ്രിട്ടീഷുഗവണ്മെൻറിൻെറ സഹായസഹകരണങ്ങളോടുകൂടെ ഓക്സ്ഫോർഡിലും മററും അയയ്ക്കുന്നതിനുവേണ്ട ഏപ്പാടുകൾ ചെയ്കയുംചെയ്തു യുദ്ധം അവസാനിച്ച ശേഷം അദ്ദേഹത്തെ മെത്രാപ്പോലീത്തായായി വാഴിക്കയും സഭയുടെ ഉദ്ധാരണാത്ഥമുള്ള പ്രവൃത്തികളെ തുടന്നു പോരികയുംചെയ്തു. ഇദ്ദേഹം സെർവ്യായിൽ, സിക്കാ എന്ന ഇടവകയുടെ മെത്രാപ്പോലീത്തായായാണ്. നാലഞ്ചുവഷങ്ങൾക്കു മുൻപു ഇദ്ദേഹം ഇംഗ്ലണ്ടു സന്ദശിച്ച അവസരത്തിൽ ചക്രവത്തിതിരുമേനി കാൻറർബറി ആച്ച്ബിഷോപ്പു മുതലായ അനേകർ അദ്ദേഹത്തെ ആദരിക്കയും ബഹുമാനാത്ഥം വിരുന്നുകൾ നടത്തുകയും മററുംചെയ്തു. മാതൃസഭയെ ഉദ്ധരിച്ച മഹാൻ എന്ന നിലയിലാണ് അദ്ദേഹം പ്രധാനമായി ആദരിക്കപ്പെട്ടതു്.

പതിനാറാംനൂററാണ്ടിൽ ഇംഗ്ലണ്ടിലുണ്ടായ മതപരിവത്തനശേഷം ആംഗ്ലേയാസഭയിൽനിന്നു കാതോലികവിശ്വാസാചാരങ്ങൾ നിഷ്കാസനം ചെയ്യപ്പെട്ടെന്നു തന്നെ പറയാം. ആംഗ്ലേയാസഭയിൽ പത്തൊൻപതാംനൂററാണ്ടിൻെറ ആരംഭത്തിൽ കാതോലികവിശ്വാസാ പുനജ്ജീവിപ്പിക്കുന്നതിനുള്ള മാഗ്ഗമെന്താണെന്നു പലരും ഗാഢമായി ആലോചിപ്പാൻ തുടങ്ങി. ഈ കൂട്ടത്തിൽ പ്രഥമസ്ഥാനമർഹിക്കുന്നതു ഓക്സ്ഫോർഡ് മൂവ്മെൻറു അഥവാ ട്രാക്ടേറിയൻ മൂവ്മെൻറു എന്നറിയപ്പെട്ടു

പോരുന്ന പ്രസ്ഥാനത്തിൻെറ നേതാക്കന്മാരായ കേബ്ലിൾ, ഫ്രൂഡ്, ന്യൂമാൻ, പ്യൂസി മുതലായ പുരോഹിതന്മാരാണ്. സഭയിൽ കാതോലികവിശ്വാസം പുനർജീവിപ്പിക്കുന്നതിനുള്ള മാർഗ്ഗമെന്തെന്നു വേദനയോടും ദൈവാശ്രയത്തോടും അവർ ആലോചിപ്പാൻ തുടങ്ങി. ചുററുപാട് അന്ധകാരമായി തോന്നുകയാൽ ഇവരുടെ നേതാക്കന്മാരിൽ ചിലൎക്ക യാതൊരു ആശയുമില്ലെന്നായി. അവരുടെ സഖിമാരിൽ ഒരുവനായിരുന്ന തോമ്മസ് ആർനോൾഡ് ഇപ്രകാരം എഴുതിഅയച്ചു. "സഭയെ രക്ഷിപ്പാനുള്ള ഏകമാർഗ്ഗം നാമെല്ലാവരും പ്രോട്ടസ്റ്റൻറുകാരായി തീരുകഎന്നുള്ളതാണ്. മററു ആശയ്ക്കുമാർഗ്ഗം ഒന്നും കാണുന്നില്ല." എന്നിട്ടും ഭഗ്നോത്സാഹരാകാതെ ഓക്സ്ഫോർഡിലെ ബിരുദ്ധാരികളായ മേൽപറഞ്ഞ മഹാന്മാർ ന്യൂമാൻെറ—പിന്നീടു കാർഡിനൽന്യൂമാൻ—നേതൃത്വത്തിൽ 1833 മുതൽ പുരാതനവിശ്വാസാചാരങ്ങളെ പുനർജീവിപ്പിക്കേണ്ട ആവശ്യത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു ലഘുലേഖകളും പുസ്തകങ്ങളും പ്രസിദ്ധം ചെയ്തുതുടങ്ങി.

സഭയിലെ മേല്പട്ടക്കാരിൽ നിന്നും മററു പട്ടക്കാരിൽനിന്നും ബഹുജനങ്ങളിൽനിന്നും ഇവൎക്ക വളരെ പീഡകളും ഉപദ്രവങ്ങളും നേരിട്ടു. ഇവരിൽ ചിലരെ ബിഷോപ്പന്മാർ അവരവരുടെ ഇടവകകളിൽ നിന്നു നീക്കം ചെയ്കയും വരുമാനം കൊടുക്കാതിരിക്കയും മററും ചെയ്തു. എന്നിട്ടും കഷ്ടതകൾ സഹിച്ചുകൊണ്ടു കാതോലിക വിശ്വാസത്തെ പാലിപ്പാൻ ഇവർ സധൈര്യം പോരാടി. ഇങ്ങനെ മുൻപോട്ടു

ഗമിക്കവെ ന്യൂമാൻ റോമ്മാസഭയിൽ ചേരുകയാണു ണ്ടായത്ത്.

ഈ സംഭവം തന്റെ സഹപ്രവൎത്തകന്മാരെ ദുഃഖി പ്പിക്കയും നിരാശക്കണ്ടിൽ താഴ്ത്തുകയും ചെയ്തു. എ ന്നിട്ടും ഭഗ്നോത്സാഹരാകാതെ പ്യൂസി, കേബ്ലിൾ മു തലായവർ തങ്ങളുടെ പ്രവൃത്തി തുടൎന്നുകൊണ്ടു പോന്നു. ആ കാലത്തു കാപ്പ ധരിച്ച് വി: കുർബ്ബാന അനുഷ്ഠിക്ക യും മററും ചെയ്യുന്നവരെ തടവിലാക്കണമെന്നു ഗവ ൎമ്മെൻറുനിയമം പോലുമുണ്ടായിരുന്നു. ഈ നേതാക്കന്മാ രെ അനുകരിച്ചു ഡോക്ടർ നീൽ മുതലായ പട്ടക്കാർ ത ങ്ങളുടെ വിശ്വാസപാലനത്തിനു വേണ്ടി കല്ലേറും പരി ഹാസവും സഹിപ്പാനും ഇടയായിട്ടുണ്ട്. സഭയിൽ പുരാ തനവിശ്വാസം പുനൎജ്ജീവിപ്പിപ്പാൻ കഴിയുന്നതല്ല, ഇ തു നശിച്ചുപോകും, ഇതിനു ഭാവിയില്ല എന്നെല്ലാം വി ചാരിച്ച് ഈ മഹാന്മാരിൽ ആരും തന്നെ മാതൃസഭയെ ഉപേക്ഷിച്ചില്ല. ഇവരുടെ കഷ്ടപ്പാടിന്റെ ഫലമാണ് ആംഗ്ലേയാസഭയിലെ ഹൈചർച്ചുകാരും ആംഗ്ലൊ കാ തോലിക്കരും. ലോകത്തിന്റെ നാനാഭാഗത്തും സ്ഥിതി ചെയ്യുന്ന ആംഗ്ലിയാസഭയെ പുഷ്ടിപ്പിച്ചു കാതോലിക വിശ്വാസം അതിൽ പുനൎജ്ജീവിപ്പിക്കുവാൻ ഇന്നു തീ വ്രമായി പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നതു ആംഗ്ലൊ കാ തോലിക്കരാകുന്നു. ആംഗ്ലേയാസഭയിൽ ഇന്നു കാണുന്ന സ്ത്രീപുരുഷന്മാരുടെ അനേക സന്യാസിസമൂഹങ്ങൾ ഇ വരുടെ കഷ്ടപ്പാടിന്റെയും പ്രയത്നത്തിന്റെയും ഫലമാ ണ്. ഇംഗ്ലണ്ടിൽ അനേക വൈദികസ്ഥാപനകളും ഇവരുടെ ശ്രമഫലമായിട്ടുണ്ടായിട്ടുണ്ട്. ഈ സ്ഥാപന

കളിൽ നിന്നു പഠിപ്പിക്കുന്ന വിദ്വാന്മാരും ദൈവഭ ക്തന്മാരുമായ പട്ടക്കാരും മേല്പട്ടക്കാരുമാണ് ആംഗ്ലേയാ സഭയുടെ അമൂല്യസമ്പാദ്യം.

മേലുദ്ധരിച്ച പ്രസ്താവനയിൽനിന്നു മനസ്സിലാകുന്ന തു ഏതൊരുസഭയുടെയും ആത്മികജീവനും വളർച്ചയും അതിലെ സ്വാർത്ഥരഹിതന്മാരും യഥാർത്ഥ ദൈവഭക്ത ന്മാരുമായ പട്ടക്കാരെയും മേല്പട്ടക്കാരെയും ആശ്രയിച്ചി രിക്കുന്നു എന്നാണല്ലോ. ഉത്തമന്മാരായ വൈദികന്മാർ സഭയിൽ ഉണ്ടായിരിക്കേണ്ടതാവശ്യമെങ്കിൽ ശ്രേഷ്ഠാദർശങ്ങ ളോടുകൂടെ നടത്തപ്പെടുന്ന ഒരു വൈദികസ്ഥാപനമെ ങ്കിലും നമ്മുടെ സഭയിൽ ഉണ്ടാകേണ്ടതു അത്യാവശ്യമാ ണ്. ഈ വിഷയത്തിൽ മേല്പട്ടക്കാരും പട്ടക്കാരും ജന ങ്ങളുമെല്ലാമൊത്തൊരുമിച്ചു പ്രവർത്തിക്കുന്നപക്ഷം ഇതു നിർവ്വഹിക്കുവാൻ പ്രയാസമുണ്ടാകയില്ല. ആളാംപ്രതി യൊ അന്യോന്യമൊ ഉള്ള സകല തെററിദ്ധാരണകളും അഭിപ്രായവ്യത്യാസങ്ങളും നീക്കി സഭയ്ക്കുണ്ടായിട്ടുള്ള മ ഹാവലിയ വിപത്തിൽനിന്നു അതിനെ ഉദ്ധരിപ്പാനും ഒ ന്നാകെ നാം ദൈവത്തിങ്കലേക്കു തിരിഞ്ഞു നമ്മുടെ സ ഭയെ ഇതുവരെ നിലനിർത്തിപ്പോരുന്നതിൽ ദൈവത്തിനു ള്ള ഉദ്ദേശമെന്തെന്നു ഗാഢമായി ചിന്തിപ്പാനും ആത്മപ രിത്യാഗത്തോടുകൂടെ സഹകരിച്ചു പ്രവർത്തിപ്പാനുമായി ദൈവം തന്റെ അനുകമ്പയാൽ നമ്മെ വിളിച്ചുണർത്തുന്ന ഒരു അവസരമായി ഈ വിപത്തുകളെ നാം പരിഗണി ക്കേണ്ടതാകുന്നു.

"താൻ പാതി ദൈവം പാതി" എന്ന ആപ്തവാക്യ

പ്രകാരം നമ്മുടെ ഭാഗത്തുനിന്ന് ചെയ്യാനുള്ളത് നാം പ്രവർത്തിക്കുമ്പോൾ നമ്മിൽകൂടെ ദൈവം ശക്തിയായി പ്രവർത്തിക്കയും നമ്മെ തൻെറ മഹത്വത്തിനായി വിനിയോഗിക്കയും ചെയ്യുമെന്നുള്ളതു തീർച്ചയാണ്. സുറിയാനിസഭയിലെ വഴക്കം കലാപങ്ങളും വിപത്തുകളും അവസാനിക്കുന്നതിനുള്ള ഏകമാർഗ്ഗം ദൈവം അതിനെ ഭരമേല്പിച്ചിട്ടുള്ളതും അതിനെക്കൊണ്ടു സാധിക്കേണ്ടതുമായ മിഷ്യൻ വേലയിൽ അതിൻെറ ശ്രദ്ധ പതിപ്പിക്ക എന്നുള്ളതാണെന്ന് കൽക്കട്ടായിലെ പരേതനായ ലഫ്റോയിമെത്രാപ്പോലീത്താ പറകയുണ്ടായിട്ടുണ്ട്. ഇതെത്രയും പരമാർത്ഥമാണെന്നുള്ളതിനു സംശയമില്ല. എന്തെല്ലാം സംഭവിച്ചാലും നിങ്ങൾ അതിലെ അംഗങ്ങളായിരിക്കുന്ന പുരാതന സഭയുടെ ഭാവിയെപ്പററി അശേഷവും നിങ്ങൾ നിരാശപ്പെടരുത് എന്നു ഓക്സ്ഫോർഡ് മിഷ്യൻ സുപ്പീരിയറായ ഫാദർ ഷോറും "മാർ ഈവാനിയോസു സഭ വിട്ടാലും നിങ്ങളുടെ സഭ നശിച്ചുപോകുമെന്നു ഭയപ്പെടേണ്ടാ ഈ വിപത്തുകളിൽനിന്നെല്ലാം തീർച്ചയായി ദൈവം നമ്മെ വരുത്തും" എന്നു നമ്മുടെ സഭയുടെ ആപ്തമിത്രമായ ഒരു പാശ്ചാത്യവനിതയും എഴുതി അറിയിച്ചിട്ടുണ്ട്. കത്തോലിസന്യാസസമൂഹക്കാരുടെ വകയായി പ്രസിദ്ധപ്പെടുത്തിവരുന്നമാസികയുടെ ഒരുലക്കത്തിൽ ഇപ്രകാരംകാണുന്നു. "നമ്മുടെ സാഹചര്യങ്ങളെപ്പററി ഒരിക്കലും നാം ആകുലപ്പെടരുത്. നമ്മിലൊ മററുള്ളവരിലൊ സ്വദേശത്തൊ വിദേശത്തൊ ഉള്ള സഭയിലൊ ഉള്ള അപൂർണ്ണതകളെക്കുറിച്ചു നാം അക്ഷമരായി തീരരുത്. ദൈവത്തിൻെറ വിവിധതരങ്ങളായ വ്യാപാരങ്ങളെയൊ മാററങ്ങളെയൊ

കുറിച്ചു നാം ക്ഷമയില്ലാതെ പ്രദർശിപ്പിക്കരുത്. അങ്ങി നെ ചെയ്യുന്നതു വിശ്വാസത്തെ ഉൻമൂലനം ചെയ്യുകയാ കുന്നു. നാം കാത്തിരിപ്പാൻ തയ്യാറാകുന്നപക്ഷം യേശുത മ്പുരാന്റെ തിരുവിഷ്ടം നമ്മിൽ താൻ നിറവേററി ക്കൊള്ളും. നാം കാത്തിരിക്കേണ്ടതു അഭ്യസിപ്പാനാണു്. [illegible] പ്രാർത്ഥിക്കുന്നതിനാണ്. പ്രാർത്ഥിക്കു ന്നതു സഹനശക്തിയും [illegible] ലഭിപ്പാൻതന്നെ. വി ശ്വാസം [illegible] പുതിയ സന്ദർഭങ്ങളെയും സാ ഹചര്യങ്ങളെയും [illegible] ന്നു. പ്രയാസങ്ങളാണു വിശ്വാസ [illegible]. സാക്ഷാൽ കുറവു വിശ്വാ സക്കുറവു [illegible]."

മലങ്കര [illegible] അനുഭവ പ്പെട്ടതെന്ത് [illegible] എന്നു വിചാരിക്കാം. നാം ഓരോരുത്തരും [illegible] ദൈവത്തിലാശ്രയിക്കു ന്നതിനും [illegible] യുടെയും ദൈവവിളി യെ തിരിച്ചറി [illegible] നഷ്ടമൊ കണക്കാ ക്കാതെ ത്യാഗ [illegible] നമ്മെ പ്രതിഷ്ഠിക്കുന്നതി നുമായിട്ടും ദൈവ [illegible] ഒരു വെല്ലുവിളിയാണ് ഇപ്പോഴത്തെ [illegible] ദീർഘദൃഷ്ടിയുള്ളവർ ഗ്ര ഹിക്കുവാൻ കഴിയും [illegible] തിരുമ നസ്സിലെ കാലശേഷം [illegible] യില്ലെന്നു വിചാരി ച്ചു പരിഭ്രമിക്കുന്ന [illegible]. വ്യവഹാരത്തിലുള്ള ജയാപജയങ്ങളല്ല [illegible] നിർണ്ണയിക്കു കയൊ നിയന്ത്രി [illegible]. എത്ര കഷ്ടന ഷ്ടങ്ങളൊ [illegible] ദൈവം നമ്മുടെ

സഭയെക്കുറിച്ച് ഉദ്ദേശിച്ചിട്ടുള്ള കാൎയ്യസാദ്ധ്യത്തിനു തന്റെ തൃക്കയ്യിൽ ആയുധങ്ങളായി തീരുവാൻ നമുക്കു കഴിയുമെങ്കിൽ മാൎത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഈ സഭയുടെ സ്ഥാപനോദ്ദേശം സാധിതപ്രായമായിത്തീരുന്നതാണ്. അതിനു ദൈവം നമ്മെ സഹായിക്കുകതന്നെചെയ്യും. റോമാസഭയുടെ ദ്രവ്യവും പ്രതാപവും മൂലം നിങ്ങൾ വശീകരിക്കപ്പെട്ടു നമ്മുടെ മാതൃസഭയും പുരാതനമായ അതിന്റെ നിൎമ്മലവിശ്വാസവും ഉപേക്ഷിക്കുവാൻ ഇടയാകാതിരിക്കുന്നതിലേക്കു ജാഗ്രൂകന്മാരായിരിപ്പിൻ.

"പരീക്ഷയിൽ അകപ്പെടാതെയിരിപ്പാൻ ഉണൎന്നിരുന്നു പ്രാൎത്ഥിപ്പിൻ."(വി. മത്തായി ൨൬. ൪൧)

☞ ഈ പുസ്തകത്തിൽ പല സ്ഥലത്തും പൂരാക്ക് ഇട്ടു ചെറിയ അക്ഷരത്തിൽ താഴെ ചേൎത്തിട്ടുള്ള ഭാഗങ്ങൾ സാധാരണ വായനക്കാരെ ഉദ്ദേശിച്ചു ഇതിന്റെ പ്രസാധകത്വം സ്വീകരിച്ചിട്ടുള്ള മലങ്കര സുറിയാനിസഭാസംരക്ഷക സംഘത്തിൽനിന്നു ചേൎത്തിട്ടുള്ളതാകുന്നു.